210

ഭാരത സർക്കാർ

നിയമ മന്ത്രാലയം

सत्यमेव जयते

# ഗാർഹിക ഹിംസയിൽ നിന്നും സ്ത്രീകളെ സംരക്ഷിക്കൽ ആക്റ്റ്, 2005

## (2005-ലെ 43-ാം നമ്പർ ആക്റ്റ്)

(2007 മാർച്ച് 9-ാം തീയതി നിലവിലിരുന്ന പ്രകാരം)

# PROTECTION OF WOMEN FROM DOMESTIC VIOLENCE ACT, 2005

## (Act No. 43 OF 2005)

(As on 9th March, 2007)

വില : 15 രൂപ

©

യൂണിയൻ സർക്കാരിനുവേണ്ടി കേരള സർക്കാർ പ്രസ്സുകളുടെ സൂപ്രണ്ട് തിരുവനന്തപുരം
സർക്കാർ പ്രസ്സിൽ അച്ചടിച്ച് പ്രസിദ്ധീകരിക്കുന്നത്, 2007.

## ആമുഖം

2007 മാർച്ച് 9-ാം തീയതി നിലവിലിരുന്ന പ്രകാരമുള്ള ഗാർഹിക ഹിംസയിൽ നിന്നും സ്ത്രീകളെ സംരക്ഷിക്കൽ ആക്റ്റ്, 2005 (2005-ലെ 43-ാം ആക്റ്റ്)-ന്റെ മലയാളത്തിലുള്ള ആധികാരിക പാഠം ഈ പതിപ്പിൽ അടങ്ങിയിരിക്കുന്നു. 2007 മേയ് 18-ാം തീയതിയിലെ അസാധാരണ കേന്ദ്ര ഗസറ്റ് XI-ാം ഭാഗം, 1-ാം വകുപ്പ്, 1-ാം വാല്യം, 4-ാം നമ്പരായി 18 മുതൽ 31 വരെയുള്ള പുറങ്ങളിൽ ഇത് പ്രസിദ്ധീകരിച്ചിരുന്നു.

ഈ ആധികാരിക പരിഭാഷ, ആധികാരിക പാഠങ്ങൾ (കേന്ദ്ര നിയമങ്ങൾ) ആക്റ്റ്, 1973-ന്റെ 2-ാം വകുപ്പ് (ക) ഖണ്ഡം അനുസരിച്ച് ഭാരതത്തിന്റെ രാഷ്ട്രപതി അധികാരപ്പെടുത്തിയ പ്രകാരം പ്രസിദ്ധീകരിക്കുകയും അപ്രകാരം പ്രസിദ്ധീകരിച്ചതിൻമേൽ അത് ആ ആക്റ്റിന്റെ മലയാളത്തിലുള്ള ആധികാരിക പാഠമായിത്തീരുകയും ചെയ്തു.

ഡോ. കെ. എൻ. ചതുർവേദി,

*ഭാരത സർക്കാരിന്റെ സെക്രട്ടറി.*

## PREFACE

This Edition of the Protection of Women from Domestic Violence Act, 2005 (Act 43 of 2005) as on 9th March, 2007 contains the authoritative text of that Act in Malayalam which was published in the Gazette of India Extraordinary Part XI, Section 1, Vol. 1, No. 4 dated 9th March, 2007 on pages 18 to 31.

This authorised translation was published under the authority of the President of India under clause (a) of section 2 of the Authoritative Texts (Central Laws) Act, 1973 and on such publication it became the authoritative text of that Act in Malayalam.

DR. K. N. CHATURVEDI,

*Secretary to the Government of India.*

3/3984/07.

# ഗാർഹിക ഹിംസയിൽ നിന്നും സ്ത്രീകളെ സംരക്ഷിക്കൽ ആക്റ്റ്, 2005

(2005-ലെ 43-ാം നമ്പർ ആക്റ്റ്)

## ഉള്ളടക്കം

### അദ്ധ്യായം I

### പ്രാരംഭികം

*വകുപ്പുകൾ* *പേജ്*


1. ചുരുക്കപ്പേരും വ്യാപ്തിയും പ്രാരംഭവും .. 1
2. നിർവചനങ്ങൾ .. 1


### അദ്ധ്യായം II

### ഗാർഹിക ഹിംസ


3. ഗാർഹിക ഹിംസയുടെ നിർവചനം .. 3


### അദ്ധ്യായം III

### സംരക്ഷണ ഉദ്യോഗസ്ഥർ, സേവനദായകർ മുതലായവരുടെ അധികാരങ്ങളും കർത്തവ്യങ്ങളും


4. സംരക്ഷണ ഉദ്യോഗസ്ഥന് വിവരം കൊടുക്കലും വിവരം കൊടുക്കുന്ന ആളെ ബാദ്ധ്യതയിൽ നിന്നും ഒഴിവാക്കലും .. 4
5. പോലീസ് ഉദ്യോഗസ്ഥരുടെയും സേവനദായകരുടെയും മജിസ്ട്രേറ്റിന്റെയും ചുമതലകൾ .. 4
6. അഭയമന്ദിരങ്ങളുടെ ചുമതലകൾ .. 5
7. ചികിത്സാ സൗകര്യങ്ങളുടെ ചുമതലകൾ .. 5
8. സംരക്ഷണ ഉദ്യോഗസ്ഥരുടെ നിയമനം .. 5
9. സംരക്ഷണ ഉദ്യോഗസ്ഥൻമാരുടെ കർത്തവ്യങ്ങളും ചുമതലകളും .. 5
10. സേവനദായകർ .. 6
11. സർക്കാരിന്റെ കർത്തവ്യങ്ങൾ .. 7


### അദ്ധ്യായം IV

### നിവൃത്തിക്കുള്ള ഉത്തരവുകൾ നേടുന്നതിനുള്ള നടപടിക്രമം


12. മജിസ്ട്രേറ്റിനുള്ള അപേക്ഷ .. 7
13. നോട്ടീസ് നല്കൽ .. 8
14. കൗൺസിലിംഗ് .. 8

പേജ്

15. ക്ഷേമവിദഗ്ധന്റെ സഹായം .. 8

16. സ്വകാര്യതയിൽ നടത്തേണ്ട നടപടിക്രമങ്ങൾ .. 8

17. ഭാഗംവച്ച വീട്ടിൽ താമസിക്കുന്നതിനുള്ള അവകാശം .. 8

18. സംരക്ഷണ ഉത്തരവുകൾ .. 8

19. വാസസ്ഥലത്തെ സംബന്ധിച്ചുള്ള ഉത്തരവുകൾ .. 9

20. പണസംബന്ധമായ നിവൃത്തികൾ .. 10

21. കസ്ററഡി ഉത്തരവുകൾ .. 11

22. നഷ്ടപരിഹാര ഉത്തരവുകൾ .. 11

23. ഇടക്കാല ഉത്തരവുകളും എക്സ്പാർട്ടി ഉത്തരവുകളും നല്കുന്നതിനുള്ള അധികാരം .. 11

24. ഉത്തരവിന്റെ പകർപ്പുകൾ കോടതി സൗജന്യമായി നല്കേണ്ടതാണെന്ന് .. 11

25. ഉത്തരവുകളുടെ കാലാവധിയും ഭേദപ്പെടുത്തലും .. 11

26. മറ്റു വ്യവഹാരങ്ങളിലും നിയമ നടപടികളിലും ഉള്ള നിവൃത്തി .. 12

27. അധികാരിത .. 12

28. നടപടിക്രമം .. 12

29. അപ്പീൽ .. 12


അദ്ധ്യായം V

**പലവക**

30. സംരക്ഷണ ഉദ്യോഗസ്ഥരും സേവനദായകരിലെ അംഗങ്ങളും പബ്ലിക് സർവന്റുമാർ ആയിരിക്കുമെന്ന് .. 13

31. എതിർകക്ഷി സംരക്ഷണ ഉത്തരവ് ലംഘിക്കുന്നതിനുള്ള ശിക്ഷ .. 13

32. നടപടിയ്ക്കെടുക്കലും തെളിവും .. 13

33. സംരക്ഷണ ഉദ്യോഗസ്ഥൻ കർത്തവ്യനിർവഹണം നടത്താത്തതിനുള്ള ശിക്ഷ .. 13

34. സംരക്ഷണ ഉദ്യോഗസ്ഥൻ ചെയ്ത കുറ്റം നടപടിയ്ക്കെടുക്കൽ .. 13

35. ഉത്തമവിശ്വാസപൂർവ്വം എടുത്ത നടപടിക്കുള്ള സംരക്ഷണം .. 13

36. ആക്റ്റ് മറ്റ് ഏതെങ്കിലും നിയമത്തിന് ന്യൂനത വരുത്താതെ ആയിരിക്കുമെന്ന് .. 13

37. ചട്ടങ്ങൾ ഉണ്ടാക്കുവാനുള്ള കേന്ദ്രസർക്കാരിന്റെ അധികാരം .. 14

# ഗാർഹിക ഹിംസയിൽ നിന്നും സ്ത്രീകളെ സംരക്ഷിക്കൽ ആക്റ്റ്, 2005

(2005-ലെ 43-ാം നമ്പർ ആക്റ്റ്)

[2005 സെപ്റ്റംബർ, 13]

കുടുംബത്തിനകത്ത് സംഭവിക്കുന്ന ഏതെങ്കിലും തരത്തിലുള്ള ഹിംസയ്ക്ക് ഇരയാകുന്ന സ്ത്രീകളുടെ, ഭരണഘടന ഉറപ്പു നല്കുന്ന പ്രകാരമുള്ള അവകാശങ്ങൾ കൂടുതൽ ഫലപ്രദമായി സംരക്ഷിക്കുന്നതിനും അതുമായി ബന്ധപ്പെട്ടതോ അതിന് ആനുഷംഗികമോ ആയ കാര്യങ്ങൾക്കും വേണ്ടി വ്യവസ്ഥ ചെയ്യുന്നതിനുള്ള

ഒരു

ആക്റ്റ്

ഭാരത റിപ്പബ്ലിക്കിന്റെ അമ്പത്തിയാറാം സംവത്സരത്തിൽ പാർലമെന്റ് താഴെ പറയും പ്രകാരം നിയമം ഉണ്ടാക്കിയിരിക്കുന്നു:—

## അദ്ധ്യായം I

## പ്രാരംഭികം

1. ചുരുക്കപ്പേരും വ്യാപ്തിയും പ്രാരംഭവും.—(1) ഈ ആക്റ്റിന് ഗാർഹിക ഹിംസയിൽ നിന്നും സ്ത്രീകളെ സംരക്ഷിക്കൽ ആക്റ്റ്, 2005 എന്ന് പേർ പറയാവുന്നതാണ്.

(2) ഇതിന് ജമ്മു-കാശ്മീർ സംസ്ഥാനമൊഴികെ ഭാരതം മുഴുവൻ വ്യാപ്തിയുണ്ടായിരിക്കുന്നതാണ്.

(3) ഇത് കേന്ദ്രസർക്കാർ, ഔദ്യോഗിക ഗസറ്റിൽ, വിജ്ഞാപനംവഴി, നിശ്ചയിക്കാവുന്ന [1] തീയതിയിൽ പ്രാബല്യത്തിൽ വരുന്നതാണ്.

2. നിർവചനങ്ങൾ.—ഈ ആക്റ്റിൽ, സന്ദർഭം മറ്റു വിധത്തിൽ ആവശ്യപ്പെടാത്തപക്ഷം,—

(ക) "സങ്കടക്കാരിയായ ആൾ" എന്നാൽ എതിർകക്ഷിയുമായി ഗാർഹിക ബന്ധമുള്ളതോ അല്ലെങ്കിൽ ഗാർഹികബന്ധത്തിൽപ്പെട്ടതും എതിർകക്ഷിയാൽ ഏതെങ്കിലും ഗാർഹിക ഹിംസാ പ്രവർത്തനത്തിന് വിധേയയായതായി ആരോപിക്കപ്പെട്ടതും ആയ ഏതെങ്കിലും സ്ത്രീ എന്നർത്ഥമാകുന്നു;

(ഖ) "കുട്ടി" എന്നാൽ ഏതെങ്കിലും ദത്തെടുക്കപ്പെട്ടതോ ഭാര്യയുടെയോ ഭർത്താവിന്റെയോ മറ്റൊരു വിവാഹബന്ധത്തിലുള്ളതോ, വളർത്തുകുട്ടിയോ ഉൾപ്പെടുന്നതും പതിനെട്ടു വയസിനു താഴെയുള്ളതുമായ ഏതെങ്കിലും ആൾ എന്നർത്ഥമാകുന്നു;

(ഗ) "നഷ്ടപരിഹാര ഉത്തരവ്" എന്നാൽ 22-ാം വകുപ്പുപ്രകാരം നല്കിയ ഒരു ഉത്തരവ് എന്നർത്ഥമാകുന്നു;

(ഘ) "കസ്ററഡി ഉത്തരവ്" എന്നാൽ 21-ാം വകുപ്പുപ്രകാരം നല്കിയ ഒരു ഉത്തരവ് എന്നർത്ഥമാകുന്നു;

(ങ) "ഗാർഹിക സംഭവ റിപ്പോർട്ട്" എന്നാൽ ഒരു സങ്കടക്കാരിയായ ആളിൽ നിന്നും ഗാർഹിക ഹിംസയെക്കുറിച്ചുള്ള പരാതി ലഭിച്ചതിൻമേൽ നിർണ്ണയിക്കപ്പെട്ട ഫാറത്തിൽ തയ്യാറാക്കിയ ഒരു റിപ്പോർട്ട് എന്നർത്ഥമാകുന്നു;

---

1. 17-10-2006-ലെ വിജ്ഞാപനം നമ്പർ എസ്. ഒ. 1776 (ങ) പ്രകാരം 26-10-2006-ൽ പ്രാബല്യത്തിൽ വന്നു.

(ച) "ഗാർഹിക ബന്ധുത്വം" എന്നാൽ രക്തബന്ധത്താലോ വിവാഹത്താലോ ബന്ധമുണ്ടായിരിക്കുമ്പോഴോ വിവാഹബന്ധം പോലെയോ ദത്തെടുക്കലിലൂടെയോ ഒരു ബന്ധുത്വം ഉണ്ടായിരിക്കുമ്പോഴോ കുടുംബാംഗങ്ങൾ ഒരു കൂട്ടുകുടുംബമായി ഒരുമിച്ച് താമസിക്കുമ്പോഴോ ഏതെങ്കിലും സമയത്ത് ഭാഗംവച്ച കുടുംബത്തിൽ ഒരുമിച്ച് താമസിക്കുന്നതോ താമസിച്ചതോ ആയ രണ്ട് ആളുകൾ തമ്മിലുള്ള ഒരു ബന്ധുത്വം എന്നർത്ഥമാകുന്നു;

(ഛ) "ഗാർഹിക ഹിംസ"-ക്ക് 3-ാം വകുപ്പിൽ അതിന് നല്കിയിട്ടുള്ള അതേ അർത്ഥം ഉണ്ടായിരിക്കുന്നതാണ്;

(ജ) "സ്ത്രീധനം"-ത്തിന് സ്ത്രീധന നിരോധന ആക്റ്റ്, 1961 (1961-ലെ 28)-ന്റെ 2-ാം വകുപ്പിൽ അതിന് നല്കിയിട്ടുള്ള അതേ അർത്ഥം ഉണ്ടായിരിക്കുന്നതാണ്;

(ഝ) "മജിസ്ട്രേറ്റ്" എന്നാൽ സങ്കടക്കാരിയായ ആൾ താൽക്കാലികമായോ മറ്റു വിധത്തിലോ താമസിക്കുന്നതോ എതിർ കക്ഷി താമസിക്കുന്നതോ അല്ലെങ്കിൽ ഗാർഹിക ഹിംസ നടന്നതായി ആരോപിക്കപ്പെടുന്നതോ ആയ സ്ഥലത്ത് ക്രിമിനൽ നടപടി നിയമസംഹിത, 1973 (1974-ലെ 2) പ്രകാരം അധികാരിത പ്രയോഗിക്കുന്ന, അതത് സംഗതിപോലെ, ഒന്നാം ക്ലാസ് ജുഡീഷ്യൽ മജിസ്ട്രേറ്റോ മെട്രോപൊളിറ്റൻ മജിസ്ട്രേറ്റോ എന്നർത്ഥമാകുന്നു;

(ഞ) "ചികിത്സാ സൗകര്യം" എന്നാൽ ഈ ആക്റ്റിന്റെ ആവശ്യങ്ങൾക്കായി ഒരു ചികിത്സാ സൗകര്യമെന്ന് സംസ്ഥാന സർക്കാരിനാൽ വിജ്ഞാപനം ചെയ്യപ്പെടാവുന്ന അങ്ങനെയുള്ള ചികിത്സാ സൗകര്യം എന്നർത്ഥമാകുന്നു;

(ട) "പണസംബന്ധമായ നിവൃത്തി" എന്നാൽ ഗാർഹിക ഹിംസയുടെ ഫലമായി സങ്കടക്കാരിയായ ആളിന് ഉണ്ടായിട്ടുള്ള ചെലവുകൾക്കും അനുഭവിച്ച നഷ്ടങ്ങൾക്കും, ഈ ആക്റ്റ് പ്രകാരം എന്തെങ്കിലും നിവൃത്തി ആവശ്യപ്പെടുന്ന ഒരു അപേക്ഷയുടെ വാദം കേൾക്കലിന്റെ ഏതെങ്കിലും ഘട്ടത്തിൽ, മജിസ്ട്രേറ്റ് എതിർകക്ഷിയോട് സങ്കടക്കാരിയായ ആളിന് കൊടുക്കണമെന്ന് ഉത്തരവിടാവുന്ന നഷ്ടപരിഹാരം എന്നർത്ഥമാകുന്നു;

(ഠ) "വിജ്ഞാപനം" എന്നാൽ ഔദ്യോഗിക ഗസറ്റിൽ പ്രസിദ്ധീകരിച്ച ഒരു വിജ്ഞാപനം എന്നർത്ഥമാകുന്നതും "വിജ്ഞാപനം ചെയ്ത" എന്ന പദപ്രയോഗത്തിന് തദനുസൃതമായി അർത്ഥം കല്പിക്കേണ്ടതുമാണ്;

(ഡ) "നിർണ്ണയിക്കപ്പെട്ട" എന്നാൽ ഈ ആക്റ്റ് പ്രകാരം ഉണ്ടാക്കിയിട്ടുള്ള ചട്ടങ്ങളാൽ നിർണ്ണയിക്കപ്പെട്ട എന്നർത്ഥമാകുന്നു;

(ഢ) "സംരക്ഷണ ഉദ്യോഗസ്ഥൻ" എന്നാൽ 8-ാം വകുപ്പ് (1)-ാം ഉപവകുപ്പുപ്രകാരം സംസ്ഥാന സർക്കാരിനാൽ നിയമിക്കപ്പെട്ട ഒരു ഉദ്യോഗസ്ഥൻ എന്നർത്ഥമാകുന്നു;

(ണ) "സംരക്ഷണ ഉത്തരവ്" എന്നാൽ 18-ാം വകുപ്പുപ്രകാരം പുറപ്പെടുവിച്ച ഒരു ഉത്തരവ് എന്നർത്ഥമാകുന്നു;

(ത) "വാസസ്ഥലത്തെ സംബന്ധിച്ചുള്ള ഉത്തരവ്" എന്നാൽ 19-ാം വകുപ്പ് (1)-ാം ഉപവകുപ്പുപ്രകാരം നല്കിയ ഒരു ഉത്തരവ് എന്നർത്ഥമാകുന്നു;

(ഥ) "എതിർകക്ഷി" എന്നാൽ സങ്കടക്കാരിയായ ആളുമായി ഗാർഹിക ബന്ധമുള്ളതോ ബന്ധമുണ്ടായിരുന്നതോ ആയതും ഈ ആക്റ്റ് പ്രകാരം സങ്കടക്കാരിയായ ആൾ ആർക്കെതിരെയാണോ എന്തെങ്കിലും നിവൃത്തി തേടിയിട്ടുള്ളത് അങ്ങനെയുള്ളതുമായ ഏതെങ്കിലും പ്രായപൂർത്തിയായ പുരുഷൻ എന്നർത്ഥമാകുന്നു:

എന്നാൽ, സങ്കടക്കാരിയായ ഒരു ഭാര്യയ്ക്ക് അല്ലെങ്കിൽ വിവാഹബന്ധം പോലെയുള്ള ഒരു ബന്ധത്തിൽ ജീവിക്കുന്ന ഒരു സ്ത്രീയ്ക്ക് ഭർത്താവിന്റെയോ പുരുഷ പങ്കാളിയുടെയോ ഒരു ബന്ധുവിനെതിരായിക്കൂടി ഒരു പരാതി ഫയൽ ചെയ്യാവുന്നതാണ്.

(ദ) "സേവനദായകൻ" എന്നാൽ 10-ാം വകുപ്പ് (1)-ാം ഉപവകുപ്പുപ്രകാരം രജിസ്റ്റർ ചെയ്ത ഒരു അസ്തിത്വം എന്നർത്ഥമാകുന്നു;

(ധ) "ഭാഗംവച്ച കുടുംബം" എന്നാൽ സങ്കടക്കാരിയായ ആൾ ഒറ്റയ്ക്കോ എതിർകക്ഷിയോടുകൂടിയോ ഒരു ഗാർഹിക ബന്ധത്തിൽ ജീവിക്കുന്നതോ അല്ലെങ്കിൽ ഏതെങ്കിലും ഘട്ടത്തിൽ ജീവിച്ചിരുന്നതോ ആയ ഒരു കുടുംബം എന്നർത്ഥമാകുന്നതും അതിൽ സങ്കടക്കാരിയായ ആളും

എതിർകക്ഷിയും കൂട്ടായി സ്വന്തമാക്കിയതോ വാടകയ്ക്കെടുത്തതോ അല്ലെങ്കിൽ അവരിലാരെങ്കിലും സ്വന്തമാക്കിയതോ വാടകയ്ക്കെടുത്തതോ ആയതും എതിർകക്ഷിക്കോ അല്ലെങ്കിൽ രണ്ടു പേർക്കും കൂട്ടായോ ഒറ്റയ്ക്കോ എന്തെങ്കിലും അവകാശമോ ഉടമസ്ഥാവകാശമോ താത്പര്യമോ ഇകിറ്റിയോ ഉള്ളതുമായ ഒരു കുടുംബം ഉൾപ്പെടുന്നതും, കൂടാതെ ഭാഗംവച്ച കുടുംബത്തിൽ എതിർകക്ഷിക്കോ സങ്കടക്കാരിയായ ആൾക്കോ എന്തെങ്കിലും അവകാശമോ ഉടമസ്ഥാവകാശമോ താത്പര്യമോ ഉണ്ടോ എന്ന കാര്യം കണക്കിലെടുക്കാതെ എതിർകക്ഷി ഒരു അംഗമായിട്ടുള്ള കൂട്ടുകുടുംബത്തിന്റെ വകയായ ഒരു കുടുംബം ഉൾപ്പെടുന്നതുമാകുന്നു;

(ന) "അഭയമന്ദിരം" എന്നാൽ ഈ ആക്റ്റിന്റെ ആവശ്യങ്ങൾക്കായി ഒരു അഭയമന്ദിരമെന്ന് സംസ്ഥാന സർക്കാരിനാൽ വിജ്ഞാപനം ചെയ്യപ്പെടാവുന്ന ഏതെങ്കിലും അഭയമന്ദിരം എന്നർത്ഥമാകുന്നു.

## അദ്ധ്യായം II

## ഗാർഹിക ഹിംസ

3. ഗാർഹിക ഹിംസയുടെ നിർവചനം.—ഈ ആക്റ്റിന്റെ ആവശ്യങ്ങൾക്കായി, എതിർകക്ഷിയുടെ ഏതെങ്കിലും കൃത്യം, കൃത്യവിലോപം, കുറ്റം ചെയ്യൽ, പെരുമാറ്റം—

(ക) ശാരീരിക അപമാനത്തിനും ലൈംഗിക അപമാനത്തിനും വാക്കാലും വികാരോദ്ദീപകവുമായ അപമാനത്തിനും ധനപരമായ അപമാനത്തിനും കാരണമാകുന്നതുൾപ്പെടെ സങ്കടക്കാരിയായ ആളുടെ മാനസികമോ ശാരീരികമോ ആയ ആരോഗ്യം, സുരക്ഷ, ജീവിതം, അവയവം അല്ലെങ്കിൽ സ്വസ്ഥത എന്നിവയെ ഹനിക്കുന്നതോ ക്ഷതപ്പെടുത്തുന്നതോ അപകടപ്പെടുത്തുന്നതോ അപ്രകാരം ചെയ്യുന്നതിനുള്ള പ്രേരണ ഉണ്ടാക്കുന്നതോ; അല്ലെങ്കിൽ

(ഖ) ഏതെങ്കിലും സ്ത്രീധനത്തിനോ മറ്റു വസ്തുവിനോ മൂല്യമുള്ള ഈടിനോ വേണ്ടി നിയമാനുസൃതമല്ലാത്ത ഏതെങ്കിലും ആവശ്യം നിറവേറ്റുന്നതിന് സങ്കടക്കാരിയായ ആളിനെയോ അവളുമായി ബന്ധമുള്ള മറ്റേതെങ്കിലും ആളിനെയോ ഭീഷണിപ്പെടുത്തുന്നതിനുള്ള ഉദ്ദേശ്യത്തോടുകൂടി ശല്യം ചെയ്യുന്നതോ, ഹനിക്കുന്നതോ, ക്ഷതപ്പെടുത്തുന്നതോ, അപകടപ്പെടുത്തുന്നതോ; അല്ലെങ്കിൽ

(ഗ) ഖണ്ഡം (ക)-യിലോ ഖണ്ഡം (ഖ)-യിലോ പ്രസ്താവിച്ചിട്ടുള്ള ഏതെങ്കിലും പെരുമാറ്റത്താൽ സങ്കടക്കാരിയായ ആളിനെയോ അവളുമായി ബന്ധമുള്ള ഏതെങ്കിലും ആളിനെയോ ഭീഷണിപ്പെടുത്തുന്നതിന്റെ ഫലം ഉളവാക്കുന്നതോ; അല്ലെങ്കിൽ

(ഘ) സങ്കടക്കാരിയായ ആളിനെ മറ്റു വിധത്തിൽ മുറിപ്പെടുത്തുന്നതോ ശാരീരികമോ മാനസികമോ ആയ ഉപദ്രവം ഉണ്ടാക്കുന്നതോ,

ആയ സംഗതിയിൽ അത് ഗാർഹിക ഹിംസ ആകുന്നതാണ്.

വിശദീകരണം I.—ഈ വകുപ്പിന്റെ ആവശ്യങ്ങൾക്കായി,—

(i) "ശാരീരിക അപമാനം" എന്നാൽ ദേഹോപദ്രവം, കുറ്റകരമായ ഭയപ്പെടുത്തൽ, കുറ്റകരമായ ബലപ്രയോഗം എന്നിവ ഉൾപ്പെടെ സങ്കടക്കാരിയായ ആളിന്റെ ശാരീരികവേദനയ്ക്കോ ദുരിതത്തിനോ ജീവനോ അവയവത്തിനോ ആരോഗ്യത്തിനോ അപകടമുണ്ടാക്കുന്നതിനോ അല്ലെങ്കിൽ ആരോഗ്യത്തെയോ വളർച്ചയെയോ ക്ഷയിപ്പിക്കുന്നതിനോ കാരണമായേക്കാവുന്ന രീതിയിലുള്ള ഏതെങ്കിലും കൃത്യം അല്ലെങ്കിൽ പെരുമാറ്റം എന്നർത്ഥമാകുന്നു ;

(ii) "ലൈംഗിക അപമാന" ത്തിൽ സ്ത്രീകളുടെ അന്തസ്സ് അപമാനിക്കുന്നതോ, അവഹേളിക്കുന്നതോ, തരം താഴ്ത്തുന്നതോ മറ്റു വിധത്തിൽ ഹനിക്കുന്നതോ ആയ ലൈംഗിക സ്വഭാവമുള്ള ഏതെങ്കിലും പെരുമാറ്റം ഉൾപ്പെടുന്നതാകുന്നു ;

(iii) "വാക്കാലും വികാരോദ്ദീപകവുമായ അപമാന" ത്തിൽ—

(ക) ആക്ഷേപിക്കൽ, അപഹസിക്കൽ, അപമാനിക്കൽ, ചീത്തവിളിക്കൽ, പ്രത്യേകിച്ച് ഒരു കുട്ടി ഇല്ലെന്നതോ ഒരു ആൺകുട്ടി ഇല്ലെന്നതോ സംബന്ധിച്ചുള്ള ആക്ഷേപിക്കൽ അല്ലെങ്കിൽ അവഹേളിക്കൽ ;

(ഖ) സങ്കടക്കാരിക്ക് താത്പര്യമുള്ള ഏതെങ്കിലും ഒരു വ്യക്തിക്ക് ശാരീരിക വേദന ഉണ്ടാക്കുമെന്നുള്ള ആവർത്തിച്ചുള്ള ഭീഷണിപ്പെടുത്തൽ എന്നിവ ഉൾപ്പെടുന്നതാകുന്നു.

(iv) "സാമ്പത്തിക അപമാന"ത്തിൽ—

(ക) സങ്കടക്കാരിയായ ആളിനും അവൾക്ക് കുട്ടികൾ ആരെങ്കിലും ഉണ്ടെങ്കിൽ അവർക്കും വേണ്ടതായ ഗാർഹിക ആവശ്യങ്ങൾ, സ്ത്രീധനം, സങ്കടക്കാരിയായ ആൾക്ക് കൂട്ടായോ പ്രത്യേകമായോ ഉടമസ്ഥതയുള്ള വസ്തു, ഭാഗംവച്ച വീടിനെ സംബന്ധിച്ച വാടക, ജീവനാംശം എന്നിവ ഉൾപ്പെടെയുള്ളതും എന്നാൽ, നാമമാത്രമായി പരിമിതപ്പെടുത്തിയിട്ടില്ലാത്തതും സങ്കടക്കാരിയായ ആൾക്ക് അനിവാര്യതമൂലം ആവശ്യമായിട്ടുള്ളതും ഏതെങ്കിലും നിയമമോ നാട്ടാചാരമോ പ്രകാരം സങ്കടക്കാരിയായ ആൾക്ക് അവകാശം ഉണ്ടായിരിക്കുന്നതും കോടതി ഉത്തരവ് പ്രകാരമോ മറ്റ് വിധത്തിലോ നല്കേണ്ടതായിട്ടുള്ളതുമായ സാമ്പത്തികമോ ധനപരമോ ആയ വിഭവങ്ങൾ നഷ്ടപ്പെടുത്തൽ ;

(ഖ) സങ്കടക്കാരിയായ ആൾക്കോ അവളുടെ കുട്ടികൾക്കോ ന്യായമായി ആവശ്യമായേക്കാവുന്നതോ അവളുടെ സ്ത്രീധനമോ സങ്കടക്കാരിയായ ആൾ കൂട്ടായോ പ്രത്യേകമായോ കൈവശം വച്ചിരിക്കുന്നതായ മറ്റ് ഏതെങ്കിലും വസ്തുവോ ഗാർഹികബന്ധത്താൽ സങ്കടക്കാരിയായ ആളിന് താത്പര്യമുള്ളതോ ഉപയോഗിക്കുന്നതിന് അവകാശമുണ്ടായിരിക്കുന്നതോ ആയ കുടുംബവസ്തുക്കൾ കൈമാറ്റം ചെയ്യൽ, ജംഗമമോ സ്ഥാവരമോ ആയ സ്വത്തുക്കൾ, മൂല്യമുള്ള വസ്തുക്കൾ, ഓഹരികൾ, കടപ്പത്രങ്ങൾ, അതുപോലുള്ളതോ ആയ മറ്റു വസ്തു ഇവ ഏതെങ്കിലും അന്യാധീനപ്പെടുത്തലും ;

(ഗ) സങ്കടക്കാരിയായ ആളിന്, ഗാർഹിക ബന്ധത്താൽ ഉപയോഗിക്കുന്നതിനോ അനുഭവിക്കുന്നതിനോ അവകാശപ്പെട്ട ധനാഗമമാർഗ്ഗങ്ങളുടെയോ സൗകര്യങ്ങളുടെയോ ഭാഗംവച്ച വീട്ടിലേക്കുള്ള പ്രവേശനം ഉൾപ്പെടെയുള്ള തുടർച്ചയായ പ്രാപ്യത തടയലും അല്ലെങ്കിൽ നിയന്ത്രണവും, ഉൾപ്പെടുന്നതാണ്.

വിശദീകരണം II.—ഈ വകുപ്പുപ്രകാരം എതിർകക്ഷിയുടെ ഏതെങ്കിലും കൃത്യമോ കൃത്യവിലോപമോ കുറ്റം ചെയ്യലോ പെരുമാറ്റമോ "ഗാർഹിക ഹിംസ" ആകുമോ എന്ന് തീരുമാനിക്കേണ്ട ആവശ്യത്തിലേക്കായി കേസിന്റെ മൊത്തമായ വസ്തുതകളും സാഹചര്യങ്ങളും പരിഗണനയ്ക്കെടുക്കേണ്ടതാണ്.

## അദ്ധ്യായം III

## സംരക്ഷണ ഉദ്യോഗസ്ഥർ, സേവനദായകർ മുതലായവരുടെ അധികാരങ്ങളും കർത്തവ്യങ്ങളും

4. സംരക്ഷണ ഉദ്യോഗസ്ഥന് വിവരം കൊടുക്കലും വിവരം കൊടുക്കുന്ന ആളെ ബാദ്ധ്യതയിൽനിന്നും ഒഴിവാക്കലും.—(1) ഒരു ഗാർഹിക ഹിംസ ചെയ്യപ്പെടുന്നുവെന്നോ ചെയ്യപ്പെടാൻ സാദ്ധ്യത ഉണ്ടെന്നോ ഏതെങ്കിലും ചെയ്യപ്പെട്ടുവെന്നോ വിശ്വസിക്കുവാൻ കാരണം ഉള്ളപക്ഷം, അതെക്കുറിച്ച് ബന്ധപ്പെട്ട സംരക്ഷണ ഉദ്യോഗസ്ഥന് ആൾക്ക് വിവരം നല്കാവുന്നതാണ്.

(2) (1)-ാം ഉപവകുപ്പിന്റെ ആവശ്യത്തിലേക്കായി, ഉത്തമവിശ്വാസത്തിൽ വിവരം നല്കുന്ന ഏതെങ്കിലും ആൾക്ക് സിവിലോ ക്രിമിനലോ ആയ യാതൊരു ബാദ്ധ്യതയും വരുത്തിവയ്ക്കുന്നതല്ല.

5. പോലീസ് ഉദ്യോഗസ്ഥരുടെയും സേവനദായകരുടെയും മജിസ്ട്രേറ്റിന്റെയും ചുമതലകൾ.— ഗാർഹിക ഹിംസയെക്കുറിച്ചുള്ള ഒരു പരാതി ലഭിക്കുകയോ ഒരു ഗാർഹിക ഹിംസ നടക്കുന്ന സ്ഥലത്ത് മറ്റുവിധത്തിൽ സന്നിഹിതനാവുകയോ ഗാർഹിക ഹിംസ അദ്ദേഹത്തെ അറിയിക്കുമ്പോഴോ ഒരു പോലീസ് ഉദ്യോഗസ്ഥനോ സംരക്ഷണ ഉദ്യോഗസ്ഥനോ സേവനദായകനോ മജിസ്ട്രേറ്റോ—

(ക) ഒരു സംരക്ഷണ ഉത്തരവ്, പണസംബന്ധമായ നിവൃത്തിക്കുവേണ്ടിയുള്ള ഒരു ഉത്തരവ്, ഒരു കസ്റ്റഡി ഉത്തരവ്, ഒരു വാസസ്ഥലത്തെ സംബന്ധിച്ചുള്ള ഉത്തരവ്, ഒരു നഷ്ട പരിഹാര ഉത്തരവ് അല്ലെങ്കിൽ ഈ ആക്റ്റ് പ്രകാരമുള്ള ഒന്നിൽ കൂടുതൽ അങ്ങനെയുള്ള

ഉത്തരവുവഴിയോ ഒരു നിവൃത്തി ലഭിക്കുന്നതിന് ഒരു അപേക്ഷ കൊടുക്കുന്നതിനുള്ള അവളുടെ അവകാശം ;

(ഖ) സേവനദായകരുടെ സേവനങ്ങളുടെ ലഭ്യത ;

(ഗ) സംരക്ഷണ ഉദ്യോഗസ്ഥരുടെ സേവനങ്ങളുടെ ലഭ്യത ;

(ഘ) ലീഗൽ സർവ്വീസസ് അതോറിറ്റീസ് ആക്റ്റ്, 1987 (1987-ലെ 39) പ്രകാരമുള്ള സൗജന്യ നിയമസേവനത്തിനുള്ള അവളുടെ അവകാശം ;

(ങ) ഉചിതമായിടത്ത് ഇൻഡ്യൻ ശിക്ഷാനിയമസംഹിത (1860-ലെ 45)-ലെ 498 ക വകുപ്പു പ്രകാരം പരാതി കൊടുക്കുന്നതിനുള്ള അവളുടെ അവകാശം,

എന്നിവ സങ്കടക്കാരിയായ ആളിനെ അറിയിക്കേണ്ടതാണ് :

എന്നാൽ, ഈ ആക്റ്റിലെ യാതൊന്നുംതന്നെ ഒരു കോഗ്നൈസിബിൾ കുറ്റം ചെയ്യലിനെപ്പറ്റി അറിവ് ലഭിച്ചതിൻമേൽ ഒരു പോലീസ് ഉദ്യോഗസ്ഥനെ, നിയമപ്രകാരം നടപടി എടുക്കുന്നതിനുള്ള അദ്ദേഹത്തിന്റെ ചുമതലയിൽനിന്നും, ഏതെങ്കിലും രീതിയിൽ വിടുതൽ ചെയ്യുന്നതായി കണക്കാക്കാൻ പാടുള്ളതല്ല.

6. അഭയമന്ദിരങ്ങളുടെ ചുമതലകൾ.—ഒരു സങ്കടക്കാരിയായ ആളോ അവൾക്കുവേണ്ടി ഒരു സംരക്ഷണ ഉദ്യോഗസ്ഥനോ ഒരു സേവനദായകനോ അഭയമന്ദിരത്തിന്റെ ചുമതല വഹിക്കുന്ന ആളിനോട് സങ്കടക്കാരിയായ ആളിന് അഭയം നല്കണമെന്ന് അഭ്യർത്ഥിക്കുന്നുവെങ്കിൽ അഭയമന്ദിരത്തിന്റെ ചുമതല വഹിക്കുന്ന അങ്ങനെയുള്ള ആൾ സങ്കടക്കാരിയായ ആളിന് അഭയമന്ദിരത്തിൽ അഭയം നല്കേണ്ടതാണ്.

7. ചികിത്സാ സൗകര്യങ്ങളുടെ ചുമതലകൾ.—സങ്കടക്കാരിയായ ആളോ അവൾക്കുവേണ്ടി ഒരു സംരക്ഷണ ഉദ്യോഗസ്ഥനോ ഒരു സേവനദായകനോ ചികിത്സാസൗകര്യങ്ങളുടെ ചുമതല വഹിക്കുന്ന ആളിനോട് അവൾക്ക് എന്തെങ്കിലും ചികിത്സാസഹായം നല്കണമെന്ന് അഭ്യർത്ഥിക്കുന്നുവെങ്കിൽ ചികിത്സാസൗകര്യത്തിന്റെ ചുമതല വഹിക്കുന്ന അങ്ങനെയുള്ള ആൾ സങ്കടക്കാരിയായ ആളിന് ചികിത്സാസൗകര്യത്തിൽ ചികിത്സാസഹായം ഏർപ്പെടുത്തി കൊടുക്കേണ്ടതാണ്.

8. സംരക്ഷണ ഉദ്യോഗസ്ഥരുടെ നിയമനം.—(1) സംസ്ഥാന സർക്കാർ, വിജ്ഞാപനം വഴി, ഓരോ ജില്ലയിലും അതിന് ആവശ്യമെന്നു കരുതുന്ന അത്രയും എണ്ണം സംരക്ഷണ ഉദ്യോഗസ്ഥരെ നിയമിക്കേണ്ടതും കൂടാതെ ഏതു പ്രദേശത്തിലാണോ അല്ലെങ്കിൽ പ്രദേശങ്ങളിലാണോ സംരക്ഷണ ഉദ്യോഗസ്ഥൻ ഈ ആക്റ്റ് പ്രകാരമോ ഈ ആക്റ്റിനാലോ അദ്ദേഹത്തിന് നല്കപ്പെട്ട അധികാരങ്ങൾ പ്രയോഗിക്കുകയും ചുമതലകൾ നിർവഹിക്കുകയും ചെയ്യേണ്ടതെന്ന് പരസ്യപ്പെടുത്തേണ്ടതുമാണ്.

(2) സംരക്ഷണ ഉദ്യോഗസ്ഥൻമാർ കഴിയുന്നിടത്തോളം സ്ത്രീകളായിരിക്കേണ്ടതും നിർണ്ണയിക്കപ്പെടാവുന്ന അങ്ങനെയുള്ള യോഗ്യതകളും പ്രവർത്തിപരിചയവും ഉള്ളവരായിരിക്കേണ്ടതുമാണ്.

(3) സംരക്ഷണ ഉദ്യോഗസ്ഥന്റെയും അദ്ദേഹത്തിന്റെ കീഴിലുള്ള മറ്റ് ഉദ്യോഗസ്ഥൻമാരുടേയും സേവന നിബന്ധനകളും ഉപാധികളും നിർണ്ണയിക്കപ്പെടാവുന്ന പ്രകാരമായിരിക്കുന്നതാണ്.

9. സംരക്ഷണ ഉദ്യോഗസ്ഥൻമാരുടെ കർത്തവ്യങ്ങളും ചുമതലകളും.—(1) സംരക്ഷണ ഉദ്യോഗസ്ഥന്റെ ചുമതലകൾ—

(ക) മജിസ്ട്രേറ്റിനെ ഈ ആക്റ്റ് പ്രകാരമുള്ള അദ്ദേഹത്തിന്റെ ചുമതലകൾ നിർവഹിക്കുന്നതിന് സഹായിക്കുക ;

(ഖ) ഗാർഹിക ഹിംസയെക്കുറിച്ചുള്ള ഒരു പരാതി ലഭിച്ചതിൻമേൽ, നിർണ്ണയിക്കപ്പെടാവുന്ന അങ്ങനെയുള്ള രീതിയിലും ഫാറത്തിലും മജിസ്ട്രേറ്റിന് ഒരു ഗാർഹിക സംഭവ റിപ്പോർട്ട് നല്കുകയും അതിന്റെ പകർപ്പുകൾ ഏത് പോലീസ് സ്റ്റേഷന്റെ അധികാരിതയുടെ തദ്ദേശ പരിധിക്കുള്ളിലാണോ ഗാർഹിക ഹിംസ നടന്നതായി ആരോപിക്കപ്പെട്ടത്, ആ പോലീസ് സ്റ്റേഷന്റെ ചുമതല വഹിക്കുന്ന പോലീസ് ഉദ്യോഗസ്ഥനും ആ പ്രദേശത്തെ സേവനദായകർക്കും അയച്ചുകൊടുക്കുകയും ചെയ്യുക ;

(ഗ) സങ്കടക്കാരിയായ ആളിന് അങ്ങനെ ആഗ്രഹിക്കുന്നുവെങ്കിൽ, ഒരു സംരക്ഷണ ഉത്തരവ് നല്കുന്നതിനുവേണ്ടി നിവൃത്തി ആവശ്യപ്പെട്ട് നിർണ്ണയിക്കപ്പെടാവുന്ന ഫാറത്തിലും രീതിയിലും മജിസ്ട്രേറ്റിന് ഒരു അപേക്ഷ കൊടുക്കുക ;

(ഘ) ലീഗൽ സർവ്വീസസ് അതോറിറ്റീസ് ആക്റ്റ്, 1987 (1987-ലെ 39) പ്രകാരം സങ്കടക്കാരിയായ ആളിന് നിയമസഹായം ലഭ്യമാക്കിയെന്ന് ഉറപ്പുവരുത്തുകയും പരാതി കൊടുക്കേണ്ടതായ നിർദ്ദിഷ്ട ഫാറം സൗജന്യമായി ലഭ്യമാക്കുകയും ചെയ്യുക ;

(ങ) മജിസ്ട്രേറ്റിന്റെ അധികാരപരിധിക്കുള്ളിലുള്ള തദ്ദേശപ്രദേശത്തെ നിയമസഹായമോ ഉപദേശമോ നല്കുന്ന എല്ലാ സേവനദായകരുടെയും അഭയമന്ദിരങ്ങളുടെയും ചികിത്സാ സൗകര്യങ്ങളുടെയും ഒരു പട്ടിക സൂക്ഷിക്കുക ;

(ച) സങ്കടക്കാരിയായ ആൾ അപ്രകാരം ആവശ്യപ്പെടുകയാണെങ്കിൽ, സുരക്ഷിതമായ ഒരു അഭയമന്ദിരം ലഭ്യമാക്കുകയും സങ്കടക്കാരിയായ ആളിനെ ഒരു അഭയമന്ദിരത്തിൽ താമസമാക്കി എന്നുള്ള അദ്ദേഹത്തിന്റെ റിപ്പോർട്ടിന്റെ ഒരു പകർപ്പ് അഭയമന്ദിരം സ്ഥിതിചെയ്യുന്ന പ്രദേശത്തെ അധികാരിതയുള്ള പോലീസ് സ്റ്റേഷനിലേക്കും, മജിസ്ട്രേറ്റിനും അയച്ചുകൊടുക്കുക ;

(ഛ) ശാരീരികമായ മുറിവുകൾ പറ്റിയിട്ടുണ്ടെങ്കിൽ സങ്കടക്കാരിയായ ആളെ മെഡിക്കൽ പരിശോധനയ്ക്ക് വിധേയമാക്കുകയും, മെഡിക്കൽ റിപ്പോർട്ടിന്റെ ഒരു പകർപ്പ് ഗാർഹിക ഹിംസ നടന്നതായി ആരോപിക്കപ്പെടുന്ന പ്രദേശത്തെ അധികാരിതയുള്ള പോലീസ് സ്റ്റേഷനിലേക്കും, മജിസ്ട്രേറ്റിനും അയച്ചുകൊടുക്കുക ;

(ജ) ക്രിമിനൽ നടപടി നിയമസംഹിത, 1973 (1974-ലെ 2)-ൽ വ്യവസ്ഥ ചെയ്യുന്ന പ്രകാരമുള്ള നടപടിക്രമമനുസരിച്ച്, 20-ാം വകുപ്പുപ്രകാരം പണസംബന്ധമായ നിവൃത്തിക്കുവേണ്ടിയുള്ള ഉത്തരവ് അനുസരിച്ചെന്നും നടപ്പാക്കിയെന്നും ഉറപ്പുവരുത്തുക ;

(ഝ) നിർണ്ണയിക്കപ്പെടാവുന്ന അപ്രകാരമുള്ള മറ്റ് ചുമതലകൾ നിർവഹിക്കുക,

എന്നിവ ആയിരിക്കുന്നതാണ്.

(2) സംരക്ഷണ ഉദ്യോഗസ്ഥൻ മജിസ്ട്രേറ്റിന്റെ നിയന്ത്രണത്തിലും മേൽനോട്ടത്തിലുമായിരിക്കേണ്ടതും, ഈ ആക്റ്റിനാലോ അതിൻകീഴിലോ മജിസ്ട്രേറ്റും സർക്കാരും അദ്ദേഹത്തെ ഏൽപ്പിച്ച ചുമതലകൾ നിർവഹിക്കേണ്ടതുമാണ്.

10. സേവനദായകർ.—(1) ഇതിലേക്കായി ഉണ്ടാക്കാവുന്ന അങ്ങനെയുള്ള ചട്ടങ്ങൾക്ക് വിധേയമായി, സംഘങ്ങൾ രജിസ്ട്രേഷൻ ആക്റ്റ്, 1860 (1860-ലെ 21) പ്രകാരം രജിസ്റ്റർ ചെയ്ത ഏതെങ്കിലും സന്നദ്ധസംഘടനയോ നിയമസഹായമോ ചികിത്സാപരമോ സാമ്പത്തികമോ മറ്റു വിധത്തിലുള്ളതോ ആയ സഹായം ലഭ്യമാക്കുന്നതുൾപ്പെടെ സ്ത്രീകളുടെ അവകാശങ്ങളും താത്പര്യങ്ങളും ഏത് നിയമപരമായ മാർഗ്ഗത്തിലൂടേയും സംരക്ഷിക്കുന്നതിനുള്ള ലക്ഷ്യത്തോടെ കമ്പനികൾ ആക്റ്റ്, 1956 (1956-ലെ 1) പ്രകാരമോ തത്സമയം പ്രാബല്യത്തിലുള്ള മറ്റേതെങ്കിലും നിയമപ്രകാരമോ രജിസ്റ്റർ ചെയ്ത കമ്പനിയോ ഈ ആക്റ്റിന്റെ ആവശ്യങ്ങൾക്കായി ഒരു സേവനദായകനായി സംസ്ഥാന സർക്കാരിൽ രജിസ്റ്റർ ചെയ്യേണ്ടതാണ്.

(2) (1)-ാം ഉപവകുപ്പുപ്രകാരം രജിസ്റ്റർ ചെയ്ത ഒരു സേവനദായകന്—

(ക) സങ്കടക്കാരിയായ ആൾ അങ്ങനെ ആഗ്രഹിക്കുന്നുവെങ്കിൽ, നിർദ്ദിഷ്ട ഫാറത്തിൽ ഗാർഹിക സംഭവ റിപ്പോർട്ട് രേഖപ്പെടുത്തുകയും അതിന്റെ ഒരു പകർപ്പ് ഗാർഹിക ഹിംസ ഉണ്ടായ പ്രദേശത്തെ അധികാരിതയുള്ള മജിസ്ട്രേറ്റിനും സംരക്ഷണ ഉദ്യോഗസ്ഥനും അയച്ചുകൊടുക്കുന്നതിനും ;

(ഖ) സങ്കടക്കാരിയായ ആളെ മെഡിക്കൽ പരിശോധനയ്ക്ക് വിധേയമാക്കുകയും മെഡിക്കൽ റിപ്പോർട്ടിന്റെ ഒരു പകർപ്പ് സംരക്ഷണ ഉദ്യോഗസ്ഥനും ഗാർഹിക ഹിംസ നടന്ന തദ്ദേശപരിധിക്കുള്ളിലുള്ള പോലീസ് സ്റ്റേഷനിലേക്കും അയച്ചുകൊടുക്കുന്നതിനും ;

(ഗ) സങ്കടക്കാരിയായ ആൾ അങ്ങനെ ആഗ്രഹിക്കുന്നുവെങ്കിൽ, അവൾക്ക് ഒരു അഭയമന്ദിരത്തിൽ അഭയം നല്കിയെന്ന് ഉറപ്പുവരുത്തുകയും സങ്കടക്കാരിയായ ആളിനെ അഭയമന്ദിരത്തിൽ താമസമാക്കിയതിന്റെ ഒരു റിപ്പോർട്ട് ഗാർഹിക ഹിംസ നടന്ന തദ്ദേശ പരിധിക്കുള്ളിലുള്ള പോലീസ് സ്റ്റേഷനിലേക്ക് അയച്ചുകൊടുക്കുന്നതിനും,

അധികാരം ഉണ്ടായിരിക്കുന്നതാണ്.

(3) ഈ ആക്റ്റ് പ്രകാരം പ്രവർത്തിക്കുന്നതോ പ്രവർത്തിക്കുന്നതായി കരുതപ്പെടുന്നതോ പ്രവർത്തിക്കാൻ ഉദ്ദേശിക്കുന്നതോ ആയ സേവനദായകനോ സേവനദായകരിലെ ഏതെങ്കിലും അംഗമോ ഗാർഹിക ഹിംസ തടയുന്നതിലേക്കായി ഈ ആക്റ്റ് പ്രകാരമുള്ള അധികാരങ്ങൾ വിനിയോഗിച്ചുകൊണ്ടും കർത്തവ്യങ്ങൾ നിർവഹിച്ചുകൊണ്ടും ഉത്തമവിശ്വാസത്തിൽ ചെയ്തതോ ചെയ്യാൻ ഉദ്ദേശിക്കുന്നതോ ആയ യാതൊന്നിനും എതിരെ യാതൊരു വ്യവഹാരമോ പ്രോസിക്യൂഷനോ മറ്റു നിയമ നടപടിയോ നിലനില്ക്കുന്നതല്ല.

11. സർക്കാരിന്റെ കർത്തവ്യങ്ങൾ.—കേന്ദ്ര സർക്കാരും ഓരോ സംസ്ഥാന സർക്കാരും—

(ക) ടെലിവിഷനും, റേഡിയോയും, അച്ചടി മാധ്യമങ്ങളും ഉൾപ്പെടെയുള്ള പൊതു മാധ്യമങ്ങളിലൂടെ ക്രമമായ ഇടവേളകളിൽ ഈ ആക്റ്റിലെ വ്യവസ്ഥകൾക്ക് വിപുലമായ പ്രചാരണം നല്കിയിട്ടുണ്ടെന്നും ;

(ഖ) പോലീസ് ഉദ്യോഗസ്ഥരും ജുഡീഷ്യൽ സർവ്വീസിലെ അംഗങ്ങളും ഉൾപ്പെടെയുള്ള, കേന്ദ്ര സർക്കാരിന്റെയും സംസ്ഥാന സർക്കാരിന്റെയും ഉദ്യോഗസ്ഥൻമാർക്ക് ഈ ആക്റ്റുമൂലം ഉണ്ടായിട്ടുള്ള വിവാദങ്ങളിൻമേൽ ആനുകാലികമായ അവബോധവും ബോധവൽക്കരണ പരിശീലനവും നല്കിയിട്ടുണ്ടെന്നും ;

(ഗ) ഗാർഹിക ഹിംസയെ സംബന്ധിച്ച പ്രശ്നങ്ങൾ അറിയിക്കുന്നതിന് ക്രമസമാധാനവും, ആരോഗ്യവും മാനവശേഷിയും ഉൾപ്പെടെ നിയമവും ആഭ്യന്തരവും കൈകാര്യം ചെയ്യുന്ന ബന്ധപ്പെട്ട മന്ത്രാലയങ്ങളും വകുപ്പുകളും നല്കുന്ന സേവനങ്ങൾ തമ്മിലുള്ള ഫലപ്രദമായ ഏകീകരണം സ്ഥിരീകരിച്ചെന്നും അതിന്റെ ആനുകാലിക പുനരവലോകനം നടത്തിയെന്നും ;

(ഘ) കോടതികൾ ഉൾപ്പെടെ ഈ ആക്റ്റ് പ്രകാരം സ്ത്രീകൾക്ക് സേവനം നല്കുന്നതുമായി ബന്ധപ്പെട്ട വിവിധ മന്ത്രാലയങ്ങളുടെ പ്രോട്ടോക്കോൾസ് തയ്യാറാക്കിയെന്നും സമർപ്പിച്ചെന്നും,

ഉറപ്പാക്കുന്നതിന് എല്ലാ നടപടികളും എടുക്കേണ്ടതാണ്.

## അദ്ധ്യായം IV

## നിവൃത്തിക്കുള്ള ഉത്തരവുകൾ നേടുന്നതിനുള്ള നടപടിക്രമം

12. മജിസ്ട്രേറ്റിനുള്ള അപേക്ഷ.—(1) ഈ ആക്റ്റ് പ്രകാരമുള്ള ഒന്നോ അതിലധികമോ നിവൃത്തികൾ തേടി സങ്കടക്കാരിയായ ആൾക്കോ സംരക്ഷണ ഉദ്യോഗസ്ഥനോ അല്ലെങ്കിൽ സങ്കടക്കാരിയായ ആളിനുവേണ്ടി മറ്റേതെങ്കിലും ഒരു ആൾക്കോ മജിസ്ട്രേറ്റ് മുമ്പാകെ ഒരു അപേക്ഷ സമർപ്പിക്കാവുന്നതാണ്:

എന്നാൽ, അങ്ങനെയുള്ള ഒരു അപേക്ഷയിൻമേൽ ഏതെങ്കിലും ഉത്തരവ് പാസ്സാക്കുന്നതിനുമുമ്പ് മജിസ്ട്രേറ്റ്, സംരക്ഷണ ഉദ്യോഗസ്ഥനിൽനിന്നോ സേവനദായകനിൽനിന്നോ അദ്ദേഹത്തിനു ലഭിച്ച ഏതെങ്കിലും ഗാർഹിക സംഭവ റിപ്പോർട്ട് പരിഗണനയ്ക്കെടുക്കേണ്ടതാണ്.

(2) (1)-ാം ഉപവകുപ്പുപ്രകാരം തേടിയ നിവൃത്തിയിൽ, എതിർകക്ഷി ചെയ്ത ഗാർഹിക ഹിംസാപ്രവർത്തനങ്ങളാൽ ഉണ്ടായ ഹാനികൾക്ക് നഷ്ടപരിഹാരത്തിനോ നാശനഷ്ടത്തിനോ ഒരു വ്യവഹാരം ബോധിപ്പിക്കുന്നതിന് അങ്ങനെയുള്ള ആളിനുള്ള അവകാശത്തിന് ഭംഗംവരുത്താതെ, നഷ്ടപരിഹാരത്തിനോ നാശനഷ്ടത്തിനോ പണം നല്കുന്നതിന് ഒരു ഉത്തരവ് പുറപ്പെടുവിക്കുന്നതിനായുള്ള ഒരു നിവൃത്തിയും ഉൾപ്പെടാവുന്നതാണ് :

എന്നാൽ, സങ്കടക്കാരിയായ ആളിന് അനുകൂലമായി നഷ്ടപരിഹാരമായോ നാശനഷ്ടമായോ ഏതെങ്കിലും തുകയ്ക്കുള്ള ഒരു വിധി ഏതെങ്കിലും കോടതി പാസ്സാക്കിയിട്ടുണ്ടെങ്കിൽ, ഈ ആക്റ്റ് പ്രകാരം മജിസ്ട്രേറ്റ് പുറപ്പെടുവിച്ച ഉത്തരവനുസരിച്ച് അടച്ചതോ അടയ്ക്കാനുള്ളതോ ആയ ഏതെങ്കിലും തുക അപ്രകാരമുള്ള വിധിപ്രകാരം അടയ്ക്കേണ്ടതായ തുകയിൽ തട്ടിക്കിഴിക്കേണ്ടതും, സിവിൽ നടപടി നിയമസംഹിത, 1908 (1908-ലെ 5)-ലോ തത്സമയം പ്രാബല്യത്തിലുള്ള മറ്റേതെങ്കിലും നിയമത്തിലോ എന്തുതന്നെ അടങ്ങിയിരുന്നാലും, അപ്രകാരമുള്ള തട്ടിക്കിഴിക്കലിനുശേഷം എന്തെങ്കിലും അവശേഷിച്ചിട്ടുണ്ടെങ്കിൽ, ബാക്കി തുകയ്ക്കുവേണ്ടി ആ വിധി നടപ്പാക്കാവുന്നതുമാണ്.

(3) (1)-ാം ഉപവകുപ്പുപ്രകാരമുള്ള ഓരോ അപേക്ഷയും അപ്രകാരമുള്ള ഫാറത്തിലായിരിക്കേണ്ടതും നിർണ്ണയിക്കപ്പെടാവുന്നതോ കഴിയുന്നിടത്തോളം അതിന് അടുത്തുവരുന്നതോ ആയ അങ്ങനെയുള്ള വിവരങ്ങൾ അടങ്ങിയിരിക്കേണ്ടതുമാണ്.

(4) ആദ്യ വിചാരണത്തീയതി മജിസ്ട്രേറ്റ് തീരുമാനിക്കേണ്ടതും, അത് സാധാരണ ഗതിയിൽ കോടതി അപേക്ഷ സ്വീകരിച്ച തീയതി മുതൽ മൂന്നു ദിവസത്തിനപ്പുറം ആകാൻ പാടുള്ളതുമല്ല.

(5) (1)-ാം ഉപവകുപ്പുപ്രകാരമുള്ള ഓരോ അപേക്ഷയും അതിന്റെ ആദ്യ വിചാരണ തീയതി മുതൽ അറുപത് ദിവസക്കാലയളവിനുള്ളിൽ തീർപ്പാക്കുവാൻ മജിസ്ട്രേറ്റ് ശ്രമിക്കേണ്ടതാണ്.

13. നോട്ടീസ് നല്കൽ.—(1) 12-ാം വകുപ്പുപ്രകാരം തീരുമാനിച്ച വിചാരണത്തീയതിയുടെ ഒരു നോട്ടീസ്, മജിസ്ട്രേറ്റ് സംരക്ഷണ ആഫീസർക്ക് നല്കേണ്ടതും, അദ്ദേഹം അത് മജിസ്ട്രേറ്റ് നിർദ്ദേശിക്കുന്നതുപോലെ പരമാവധി രണ്ട് ദിവസക്കാലാവധിക്കുള്ളിലോ അത് ലഭിച്ച തീയതി മുതൽ മജിസ്ട്രേറ്റ് കൂടുതലായി അനുവദിക്കാവുന്ന അങ്ങനെയുള്ള ന്യായമായ സമയത്തോ നിർണ്ണയിക്കപ്പെടാവുന്ന വിധത്തിൽ എതിർകക്ഷിക്കും മറ്റേതെങ്കിലും ആളിനും നല്കേണ്ടതുമാണ്.

(2) നോട്ടീസ് നടത്തിയതായി നിർണ്ണയിക്കപ്പെടാവുന്ന ഫാറത്തിൽ സംരക്ഷണ ഉദ്യോഗസ്ഥൻ നല്കുന്ന സാക്ഷിപത്രം, വിപരീതമായത് തെളിയിക്കപ്പെടാത്തപക്ഷം, മജിസ്ട്രേറ്റ് നിർദ്ദേശിച്ചപോലെ അപ്രകാരമുള്ള നോട്ടീസ് എതിർകക്ഷിക്കും മറ്റേതെങ്കിലും ആൾക്കും നല്കിയെന്നതിന് തെളിവാകുന്നതാണ്.

14. കൗൺസിലിംഗ്.—(1) മജിസ്ട്രേറ്റിന്, ഈ ആക്റ്റ് പ്രകാരമുള്ള നടപടിക്രമങ്ങളുടെ ഏതെങ്കിലും ഘട്ടത്തിൽ, കൗൺസിലിംഗിൽ നിർണ്ണയിക്കപ്പെടാവുന്ന അങ്ങനെയുള്ള യോഗ്യതകളും പരിചയവുമുള്ള സേവനദായകരിലെ ഏതെങ്കിലും അംഗവുമായി ഒറ്റയ്ക്കോ കൂട്ടായോ കൗൺസിലിംഗിൽ ഏർപ്പെടാൻ എതിർകക്ഷിയോടോ സങ്കടക്കാരിയായ ആളിനോടോ ആവശ്യപ്പെടാവുന്നതാണ്.

(2) (1)-ാം ഉപവകുപ്പുപ്രകാരം മജിസ്ട്രേറ്റ് എന്തെങ്കിലും നിർദ്ദേശം പുറപ്പെടുവിച്ചിട്ടുള്ളിടത്ത്, രണ്ടു മാസത്തിൽ കവിയാത്ത ഒരു കാലാവധിക്കുള്ളിൽ കേസിന്റെ അടുത്ത വിചാരണ തീയതി അദ്ദേഹം തീരുമാനിക്കേണ്ടതാണ്.

15. ക്ഷേമവിദഗ്ധന്റെ സഹായം.—ഈ ആക്റ്റ് പ്രകാരമുള്ള ഏത് നടപടിക്രമത്തിലും മജിസ്ട്രേറ്റിന്, അദ്ദേഹത്തിന്റെ കർത്തവ്യങ്ങൾ നിർവഹിക്കുന്നതിൽ അദ്ദേഹത്തെ സഹായിക്കുന്നതിലേക്കായി, അദ്ദേഹം യുക്തമെന്ന് കരുതുന്ന, കുടുംബക്ഷേമം പ്രോത്സാഹിപ്പിക്കുന്നതിൽ വ്യാപൃതനായിരിക്കുന്ന ഒരു വ്യക്തി ഉൾപ്പെടെ, സങ്കടക്കാരിയായ ആളുമായി ബന്ധമുള്ളതോ അല്ലാത്തതോ ആയ ആളുടെ, കഴിയുന്നിടത്തോളം ഒരു സ്ത്രീയുടെ, സേവനങ്ങൾ ഉറപ്പു വരുത്താവുന്നതാണ്.

16. സ്വകാര്യതയിൽ നടത്തേണ്ട നടപടിക്രമങ്ങൾ.—കേസിലെ സാഹചര്യങ്ങൾ അങ്ങനെ ഉറപ്പുവരുത്തുന്നുവെന്ന് മജിസ്ട്രേറ്റ് കരുതുന്നുവെങ്കിലും നടപടിക്രമത്തിലെ ഏതെങ്കിലും കക്ഷി അങ്ങനെ ആഗ്രഹിക്കുന്നുവെങ്കിലും, അദ്ദേഹത്തിന് ഈ ആക്റ്റ് പ്രകാരമുള്ള നടപടിക്രമങ്ങൾ സ്വകാര്യമായി നടത്താവുന്നതാണ്.

17. ഭാഗംവച്ച വീട്ടിൽ താമസിക്കുന്നതിനുള്ള അവകാശം.—(1) തത്സമയം പ്രാബല്യത്തിലുള്ള മറ്റേതെങ്കിലും നിയമത്തിൽ എന്തുതന്നെ അടങ്ങിയിരുന്നാലും, ഗാർഹിക ബന്ധത്തിലുള്ള ഓരോ സ്ത്രീക്കും അവൾക്ക് ഭാഗംവച്ച വീട്ടിൽ എന്തെങ്കിലും അവകാശമോ ഉടമസ്ഥാവകാശമോ ഗുണാനുഭവാവകാശമോ ഉണ്ടെങ്കിലും ഇല്ലെങ്കിലും അതിൽ താമസിക്കുവാൻ അവകാശം ഉണ്ടായിരിക്കുന്നതാണ്.

(2) നിയമം അനുശാസിക്കുന്ന നടപടിക്രമം അനുസരിച്ചല്ലാതെ എതിർകക്ഷി ഭാഗംവച്ച വീട്ടിൽ നിന്നോ അതിന്റെ ഏതെങ്കിലും ഭാഗത്തുനിന്നോ സങ്കടക്കാരിയായ ആളിനെ ഒഴിപ്പിക്കുവാനോ ഒഴിവാക്കുവാനോ പാടുള്ളതല്ല.

18. സംരക്ഷണ ഉത്തരവുകൾ.—മജിസ്ട്രേറ്റിന്, സങ്കടക്കാരിയായ ആളിനും എതിർകക്ഷിക്കും പറയാനുള്ളത് പറയുവാൻ അവസരം നല്കിയതിനുശേഷവും ഗാർഹിക ഹിംസ നടന്നെന്നോ നടക്കാനിടയുണ്ടെന്നോ പ്രഥമദൃഷ്ട്യാ ബോദ്ധ്യപ്പെട്ടതിൻമേലും സങ്കടക്കാരിയായ ആളിന് അനുകൂലമായി ഒരു സംരക്ഷണ ഉത്തരവ് പാസ്സാക്കാവുന്നതും എതിർകക്ഷിയെ—

(ക) ഏതെങ്കിലും ഗാർഹിക ഹിംസാപ്രവർത്തനം ചെയ്യുന്നതിൽ നിന്നും ;

(ഖ) ഗാർഹിക ഹിംസാ പ്രവർത്തനങ്ങൾ ചെയ്യുന്നതിൽ സഹായിക്കുകയോ പ്രേരിപ്പിക്കുകയോ ചെയ്യുന്നതിൽ നിന്നും ;

(ഗ) സങ്കടക്കാരിയായ ആൾ ജോലിചെയ്യുന്ന സ്ഥലത്തോ സങ്കടക്കാരി ഒരു കുട്ടിയാണെങ്കിൽ അതിന്റെ സ്കൂളിലോ സങ്കടക്കാരി പതിവായി പോകാറുള്ള മറ്റേതെങ്കിലും സ്ഥലത്തോ പ്രവേശിക്കുന്നതിൽ നിന്നും ;

(ഘ) വ്യക്തിപരമായോ, വാക്കാലോ, രേഖാമൂലമോ, ഇലക്ട്രോണിക് അല്ലെങ്കിൽ ടെലിഫോൺ ബന്ധം ഉൾപ്പെടെ, എന്തുതന്നെ ആയിരുന്നാലും, ഏതെങ്കിലും രീതിയിൽ സങ്കടക്കാരിയായ ആളുമായി ആശയവിനിമയത്തിന് ശ്രമിക്കുന്നതിൽ നിന്നും ;

(ങ) മജിസ്ട്രേറ്റിന്റെ അനുമതി ഇല്ലാതെ, സങ്കടക്കാരിയായ ആളിന്റെ സ്ത്രീധനമോ കക്ഷികൾ കൂട്ടായോ പ്രത്യേകമായോ കൈവശംവയ്ക്കുന്ന മറ്റു വസ്തുക്കളോ ഉൾപ്പെടെ രണ്ടു കക്ഷികളും, സങ്കടക്കാരിയായ ആളും എതിർകക്ഷിയും കൂട്ടായോ, എതിർകക്ഷി ഒറ്റയ്ക്കോ ഉപയോഗിക്കുകയോ കൈവശം വയ്ക്കുകയോ അനുഭവിക്കുകയോ ചെയ്യുന്ന ബാങ്ക് ലോക്കറുകളും ബാങ്ക് അക്കൗണ്ടുകളും പ്രവർത്തിപ്പിക്കുകയോ ഏതെങ്കിലും ആസ്തികൾ അന്യാധീനപ്പെടുത്തുകയോ ചെയ്യുന്നതിൽ നിന്നും ;

(ച) ആശ്രിതരെയോ മറ്റു ബന്ധുക്കളെയോ ഗാർഹിക ഹിംസയിൽ നിന്നും സങ്കടക്കാരിയായ ആളിന് സഹായം നല്കുന്ന ഏതെങ്കിലും ആളിനെയോ ആക്രമിക്കുന്നതിൽ നിന്നും ;

(ഛ) സംരക്ഷണ ഉത്തരവിൽ വിനിർദ്ദേശിച്ചിട്ടുള്ളതുപോലെ ഏതെങ്കിലും മറ്റുകൃത്യം ചെയ്യുന്നതിൽ നിന്നും,

തടയാവുന്നതാണ്.

19. <u>വാസസ്ഥലത്തെ സംബന്ധിച്ചുള്ള ഉത്തരവുകൾ.</u>—(1) 12-ാം വകുപ്പ് (1)-ാം ഉപവകുപ്പുപ്രകാരമുള്ള ഒരു അപേക്ഷ തീർപ്പാക്കുമ്പോൾ, ഗാർഹിക ഹിംസ നടന്നു എന്നു ബോദ്ധ്യപ്പെടുന്നിടത്ത്, മജിസ്ട്രേറ്റിന്—

(ക) ഭാഗംവച്ച വീട്ടിൽ എതിർകക്ഷിക്ക് ഒരു നിയമപരമോ നീതിപൂർവകമോ ആയ അവകാശം ഉണ്ടെങ്കിലും ഇല്ലെങ്കിലും സങ്കടക്കാരിയായ ആളെ ഭാഗംവച്ച വീടിന്റെ കൈവശത്തിൽ നിന്നും നീക്കം ചെയ്യുകയോ മറ്റേതെങ്കിലും വിധത്തിൽ കൈവശത്തിന് വിഘ്നം വരുത്തുകയോ ചെയ്യുന്നതിൽ നിന്നും എതിർകക്ഷിയെ തടഞ്ഞുകൊണ്ടും ;

(ഖ) ഭാഗംവച്ച വീട്ടിൽ നിന്നും സ്വയം മാറിപ്പോകണമെന്ന് എതിർകക്ഷിയെ നിർദ്ദേശിച്ചുകൊണ്ടും ;

(ഗ) സങ്കടക്കാരിയായ ആൾ താമസിക്കുന്ന ഭാഗംവച്ച വീടിന്റെ ഏതെങ്കിലും ഭാഗത്ത് പ്രവേശിക്കുന്നതിൽ നിന്നും എതിർകക്ഷിയെയോ അയാളുടെ ഏതെങ്കിലും ബന്ധുക്കളെയോ തടഞ്ഞുകൊണ്ടും ;

(ഘ) ഭാഗംവച്ച വീട് അന്യാധീനപ്പെടുത്തുകയോ വിൽക്കുകയോ അതിനെ കടബാദ്ധ്യതയിൽപ്പെടുത്തുകയോ ചെയ്യുന്നതിൽ നിന്നും എതിർകക്ഷിയെ തടഞ്ഞുകൊണ്ടും ;

(ങ) മജിസ്ട്രേറ്റിന്റെ അനുമതിയോടുകൂടിയല്ലാതെ ഭാഗംവച്ച വീട്ടിലുള്ള തന്റെ അവകാശം പരിത്യജിക്കുന്നതിൽനിന്നും എതിർകക്ഷിയെ തടഞ്ഞുകൊണ്ടും ; അല്ലെങ്കിൽ

(ച) സാഹചര്യം അങ്ങനെ ആവശ്യപ്പെടുന്നപക്ഷം, സങ്കടക്കാരിയായ ആളിന് ഭാഗംവച്ച വീട്ടിൽ അവൾ അനുഭവിച്ചിരുന്നതുപോലുള്ള അതേ നിലവാരത്തിലുള്ള ആനുകല്പിക സ്ഥല സൗകര്യം ലഭ്യമാക്കുന്നതിന് എതിർകക്ഷിക്ക് നിർദ്ദേശം നല്കിക്കൊണ്ടും,

ഒരു അധിവാസ ഉത്തരവ് പാസ്സാക്കാവുന്നതാണ് :

എന്നാൽ, ഖണ്ഡം (ഖ) പ്രകാരമുള്ള യാതൊരു ഉത്തരവും ഒരു സ്ത്രീയായ ഏതെങ്കിലും ആൾക്കെതിരെ പാസ്സാക്കുവാൻ പാടുള്ളതല്ല.

(2) മജിസ്ട്രേറ്റിന്, സങ്കടക്കാരിയായ ആളിനെയോ അപ്രകാരമുള്ള സങ്കടക്കാരിയായ ആളിന്റെ ഏതെങ്കിലും കുട്ടിയെയോ സംരക്ഷിക്കുന്നതിനോ സുരക്ഷ ലഭ്യമാക്കുന്നതിനോ ന്യായമായി ആവശ്യമെന്ന് അദ്ദേഹത്തിന് കരുതാവുന്ന എന്തെങ്കിലും കൂടുതൽ നിബന്ധനകൾ ഏർപ്പെടുത്തുകയോ എന്തെങ്കിലും മറ്റ് നിർദ്ദേശങ്ങൾ പാസ്സാക്കുകയോ ചെയ്യാവുന്നതാണ്.

(3) മജിസ്ട്രേറ്റിന്, ഗാർഹിക ഹിംസാപ്രവർത്തനം തടയുന്നതിനായി ജാമ്യക്കാരോട് കൂടിയോ അല്ലാതെയോ ഒരു ബോണ്ട് ഒപ്പിട്ട് പൂർത്തീകരിക്കുവാൻ എതിർകക്ഷിയോട് ആവശ്യപ്പെടാവുന്നതാണ്.

(4) (3)-ാം ഉപവകുപ്പുപ്രകാരമുള്ള ഒരു ഉത്തരവ് ക്രിമിനൽ നടപടി നിയമസംഹിത, 1973 (1974-ലെ 2)-ന്റെ VIII-ാം അദ്ധ്യായപ്രകാരമുള്ള ഒരു ഉത്തരവായി കരുതേണ്ടതും അപ്രകാരം കൈകാര്യം ചെയ്യേണ്ടതുമാണ്.

(5) (1)-ാം ഉപവകുപ്പോ (2)-ാം ഉപവകുപ്പോ (3)-ാം ഉപവകുപ്പോ പ്രകാരം ഒരു ഉത്തരവ് പാസ്സാക്കുമ്പോൾ, കോടതിക്ക്, സങ്കടക്കാരിയായ ആൾക്കോ അവളെ സഹായിക്കുന്ന ആൾക്കോ അല്ലെങ്കിൽ ഉത്തരവ് നടപ്പാക്കുന്നതിന് അവൾക്കുവേണ്ടി അപേക്ഷ നല്കുന്ന ആൾക്കോ സംരക്ഷണം നല്കുന്നതിന് ഏറ്റവും അടുത്തുള്ള പോലീസ് സ്റ്റേഷന്റെ ചുമതല വഹിക്കുന്ന ഉദ്യോഗസ്ഥന് നിർദ്ദേശം നല്കിക്കൊണ്ടുള്ള ഒരു ഉത്തരവുംകൂടി പാസ്സാക്കാവുന്നതാണ്.

(6) (1)-ാം ഉപവകുപ്പുപ്രകാരം ഒരു ഉത്തരവ് പാസ്സാക്കുമ്പോൾ മജിസ്ട്രേറ്റിന്, കക്ഷികളുടെ സാമ്പത്തിക ആവശ്യങ്ങളും ധനാഗമമാർഗ്ഗങ്ങളും കണക്കിലെടുത്ത് വാടകയ്ക്കെടുത്തു തീർക്കലും മറ്റു പണമടയ്ക്കലുകളുമായി ബന്ധപ്പെട്ട ബാദ്ധ്യതകൾ എതിർകക്ഷിയിൻമേൽ ചുമത്താവുന്നതാണ്.

(7) മജിസ്ട്രേറ്റിന്, സംരക്ഷണ ഉത്തരവ് നടപ്പാക്കുന്നതിൽ മജിസ്ട്രേറ്റിന്റെ സഹായം ആവശ്യപ്പെട്ടത് ഏത് പോലീസ് സ്റ്റേഷന്റെ അധികാരപരിധിയിലാണോ, ആ പോലീസ് സ്റ്റേഷന്റെ ചുമതല വഹിക്കുന്ന ഉദ്യോഗസ്ഥന് നിർദ്ദേശം നല്കാവുന്നതാണ്.

(8) മജിസ്ട്രേറ്റിന്, സങ്കടക്കാരിയായ ആളിന് അർഹതപ്പെട്ട അവളുടെ സ്ത്രീധനമോ, മറ്റേതെങ്കിലും വസ്തുവോ, മൂല്യമുള്ള ഈടോ അവളുടെ കൈവശത്തിലേക്ക് തിരിച്ചേല്പിക്കുവാൻ എതിർകക്ഷിക്ക് നിർദ്ദേശം നല്കാവുന്നതാണ്.

20. <u>പണസംബന്ധമായ നിവൃത്തികൾ</u>.—(1) 12-ാം വകുപ്പ് (1)-ാം ഉപവകുപ്പുപ്രകാരമുള്ള ഒരു അപേക്ഷ തീർപ്പാക്കുമ്പോൾ, മജിസ്ട്രേറ്റിന് ഗാർഹിക ഹിംസമൂലം സങ്കടക്കാരിയായ ആളിനോ അവളുടെ ഏതെങ്കിലും കുട്ടിക്കോ നേരിടേണ്ടിവന്ന ചെലവുകൾക്കും അനുഭവിക്കേണ്ടിവന്ന നഷ്ടങ്ങൾക്കും പണസംബന്ധമായ നിവൃത്തി നല്കുന്നതിന് എതിർകക്ഷിക്ക് നിർദ്ദേശം നല്കാവുന്നതും അങ്ങനെയുള്ള നിവൃത്തിയിൽ,—

(ക) സമ്പാദ്യങ്ങളുടെ നഷ്ടവും;

(ഖ) ചികിത്സാ ചെലവുകളും;

(ഗ) സങ്കടക്കാരിയായ ആളിന്റെ അധീനതയിലുള്ള ഏതെങ്കിലും വസ്തുവിന്റെ നശീകരണം, നാശനഷ്ടം അല്ലെങ്കിൽ നീക്കംചെയ്യൽമൂലമുണ്ടായ നഷ്ടവും ;

(ഘ) ക്രിമിനൽ നടപടി നിയമസംഹിത, 1973 (1974-ലെ 2)-ലെ 125-ാം വകുപ്പുപ്രകാരം ജീവനാംശത്തിനുള്ള ഒരു ഉത്തരവ് പ്രകാരമോ അതിനുപുറമെയോ അല്ലെങ്കിൽ തത്സമയം പ്രാബല്യത്തിലുള്ള മറ്റേതെങ്കിലും നിയമപ്രകാരമുള്ള ഒരു ഉത്തരവോ ഉൾപ്പെടെ സങ്കടക്കാരിയായ ആളിനും അവളുടെ മക്കൾക്കും, ആരെങ്കിലും ഉണ്ടെങ്കിൽ, വേണ്ടിയുള്ള ജീവനാംശവും, പരിധി ഇല്ലാതെ,

ഉൾപ്പെടുന്നതാണ്.

(2) ഈ വകുപ്പുപ്രകാരം നല്കുന്ന പണസംബന്ധമായ നിവൃത്തി പര്യാപ്തമായതും നീതിപൂർവകമായതും ന്യായമായതും സങ്കടക്കാരിയായ ആളുടെ പതിവ് ജീവിതനിലവാരവുമായി യോജിക്കുന്നതുമായിരിക്കേണ്ടതാണ്.

(3) കേസിന്റെ സ്വഭാവവും സാഹചര്യങ്ങളും ആവശ്യപ്പെടുന്നതനുസരിച്ച് ജീവനാംശം ഒരു സമുചിതമായ മൊത്തം തുകയായി നല്കുവാനോ മാസംതോറും നല്കുവാനോ ഉത്തരവ് പാസ്സാക്കുന്നതിന് മജിസ്ട്രേറ്റിന് അധികാരം ഉണ്ടായിരിക്കുന്നതാണ്.

(4) (1)-ാം ഉപവകുപ്പുപ്രകാരം പണസംബന്ധമായ നിവൃത്തിക്കുവേണ്ടി പാസ്സാക്കിയ ഉത്തരവിന്റെ ഒരു പകർപ്പ് അപേക്ഷയിലെ കക്ഷികൾക്കും എതിർകക്ഷി താമസിക്കുന്നത് ഏത് പോലീസ് സ്റ്റേഷന്റെ അധികാരിതയുടെ തദ്ദേശപരിധിക്കുള്ളിലാണോ ആ പോലീസ് സ്റ്റേഷന്റെ ഇൻചാർജ്ജിനും അയച്ചുകൊടുക്കേണ്ടതാണ്.

(5) സങ്കടക്കാരിയായ ആൾക്ക് അനുവദിച്ച പണസംബന്ധമായ നിവൃത്തി (1)-ാം ഉപവകുപ്പുപ്രകാരമുള്ള ഉത്തരവിൽ വിനിർദ്ദേശിച്ചിട്ടുള്ള കാലയളവിനുള്ളിൽ എതിർകക്ഷി നല്കേണ്ടതാണ്.

(6) (1)-ാം ഉപവകുപ്പുപ്രകാരമുള്ള ഉത്തരവനുസരിച്ച് പണം കൊടുക്കുന്നതിന് എതിർകക്ഷിയുടെ ഭാഗത്തുനിന്നുള്ള വീഴ്ചയിൻമേൽ മജിസ്ട്രേറ്റിന്, എതിർകക്ഷിയുടെ നിയോജകനോടോ അധമർണ്ണനോടോ എതിർകക്ഷിയുടെ കൂലിയുടെയോ ശമ്പളത്തിന്റെയോ വരവു കണക്കിൽ കിട്ടാനുള്ളതോ കൂടിച്ചേരുവാനുള്ളതോ ആയ തുകയുടെയോ ഒരു ഭാഗം സങ്കടക്കാരിയായ ആൾക്ക് നേരിട്ട് നല്കുവാനോ കോടതിയിൽ കെട്ടിവയ്ക്കുവാനോ നിർദ്ദേശിക്കാവുന്നതും ആയത് എതിർകക്ഷി നല്കേണ്ടതായ പണസംബന്ധമായ നിവൃത്തിയിൽ വകവയ്ക്കേണ്ടതുമാണ്.

21. കസ്റ്റഡി ഉത്തരവുകൾ.—തത്സമയം പ്രാബല്യത്തിലുള്ള മറ്റേതെങ്കിലും നിയമത്തിൽ എന്തുതന്നെ അടങ്ങിയിരുന്നാലും, മജിസ്ട്രേറ്റിന്, സംരക്ഷണ ഉത്തരവിനുവേണ്ടിയുള്ള അപേക്ഷയുടെയോ ഈ ആക്റ്റ് പ്രകാരമുള്ള മറ്റേതെങ്കിലും നിവൃത്തിയുടെയോ വാദം കേൾക്കലിന്റെ ഏതെങ്കിലും ഘട്ടത്തിൽ സങ്കടക്കാരിയായ ആൾക്കോ അവൾക്കുവേണ്ടി അപേക്ഷ സമർപ്പിച്ച ആളിനോ ഏതെങ്കിലും കുട്ടിയുടെയോ കുട്ടികളുടെയോ താത്ക്കാലിക സംരക്ഷണ ചുമതല നല്കാവുന്നതും, ആവശ്യമെങ്കിൽ എതിർകക്ഷിക്ക് അപ്രകാരമുള്ള കുട്ടിയെയോ കുട്ടികളെയോ സന്ദർശിക്കുന്നതിനുള്ള ക്രമീകരണങ്ങൾ പ്രത്യേകം വിനിർദ്ദേശിക്കാവുന്നതുമാണ് :

എന്നാൽ, എതിർകക്ഷിയുടെ സന്ദർശനം കുട്ടിയുടെയോ കുട്ടികളുടെയോ താത്പര്യത്തിനു ഹാനികരമാണെന്ന് മജിസ്ട്രേറ്റിന് അഭിപ്രായമുള്ളപക്ഷം, മജിസ്ട്രേറ്റ് അപ്രകാരമുള്ള സന്ദർശനത്തിനുള്ള അനുവാദം നിരസിക്കേണ്ടതാണ്.

22. നഷ്ടപരിഹാര ഉത്തരവുകൾ.—ഈ ആക്റ്റ് പ്രകാരം അനുവദിക്കാവുന്ന മറ്റു നിവൃത്തികൾക്ക് പുറമേ, മജിസ്ട്രേറ്റിന്; സങ്കടക്കാരിയായ ആളിന്റെ അപേക്ഷയിൻമേൽ, എതിർകക്ഷി ചെയ്ത ഗാർഹിക ഹിംസമൂലം സങ്കടക്കാരിയായ ആൾക്കുണ്ടായ മാനസിക പീഡനവും വൈകാരിക വൈഷമ്യവും ഉൾപ്പെടെയുള്ള ഹാനികൾക്ക് നഷ്ടപരിഹാരവും നഷ്ടത്തുകയും നല്കുന്നതിന് എതിർകക്ഷിക്ക് നിർദ്ദേശം നല്കിക്കൊണ്ട് ഒരു ഉത്തരവ് പാസ്സാക്കാവുന്നതാണ്.

23. ഇടക്കാല ഉത്തരവുകളും എക്സ്പാർട്ടി ഉത്തരവുകളും നല്കുന്നതിനുള്ള അധികാരം.—(1) മജിസ്ട്രേറ്റിന്, ഈ ആക്റ്റ് പ്രകാരം അദ്ദേഹത്തിനുമുമ്പാകെയുള്ള ഏതെങ്കിലും നടപടിക്രമത്തിൽ അദ്ദേഹം നീതിയുക്തമെന്നോ ഉചിതമെന്നോ കരുതുന്നപ്രകാരമുള്ള, ഇടക്കാല ഉത്തരവ് പാസ്സാക്കാവുന്നതാണ്.

(2) എതിർകക്ഷി ഒരു ഗാർഹിക ഹിംസാകൃത്യം ചെയ്യുന്നുവെന്നോ ചെറുത്തുവെന്നോ അല്ലെങ്കിൽ എതിർകക്ഷി ഒരു ഗാർഹിക ഹിംസാകൃത്യം ചെയ്യുവാൻ സാദ്ധ്യതയുണ്ടെന്നോ ഒരു അപേക്ഷ പ്രഥമദൃഷ്ട്യാ വെളിപ്പെടുത്തുന്നുവെന്ന് മജിസ്ട്രേറ്റിന് ബോദ്ധ്യപ്പെടുന്നുവെങ്കിൽ, അദ്ദേഹത്തിന് 18-ാം വകുപ്പോ 19-ാം വകുപ്പോ 20-ാം വകുപ്പോ 21-ാം വകുപ്പോ, അതത് സംഗതി പോലെ, 22-ാം വകുപ്പോപ്രകാരം, നിർണയിക്കപ്പെടാവുന്ന ഫാറത്തിലുള്ള സങ്കടക്കാരിയായ ആളുടെ സത്യവാങ്മൂലത്തിന്റെ അടിസ്ഥാനത്തിൽ എതിർകക്ഷിക്കെതിരെ ഒരു എക്സ്പാർട്ടി ഉത്തരവ് പാസ്സാക്കാവുന്നതാണ്.

24. ഉത്തരവിന്റെ പകർപ്പുകൾ കോടതി സൗജന്യമായി നല്കേണ്ടതാണെന്ന്.—മജിസ്ട്രേറ്റ്, ഈ ആക്റ്റ് പ്രകാരം അദ്ദേഹം ഏതെങ്കിലും ഉത്തരവ് പാസ്സാക്കിയ എല്ലാ സംഗതികളിലും, അപ്രകാരമുള്ള ഉത്തരവിന്റെ ഒരു പകർപ്പ് അപേക്ഷയിലെ കക്ഷികൾക്കും, സമീപിക്കപ്പെട്ട മജിസ്ട്രേറ്റിന്റെ അധികാരപരിധിയിലുള്ള പോലീസ് സ്റ്റേഷന്റെ ചുമതല വഹിക്കുന്ന പോലീസ് ഉദ്യോഗസ്ഥനും കോടതിയുടെ അധികാരിതയുടെ തദ്ദേശ പരിധിക്കുള്ളിൽ കേന്ദ്രീകരിച്ചിട്ടുള്ള ഏതെങ്കിലും സേവനദായകനും, ഏതെങ്കിലും സേവനദായകൻ ഒരു ഗാർഹിക സംഭവറിപ്പോർട്ട് രജിസ്റ്റർ ചെയ്തിട്ടുണ്ടെങ്കിൽ ആ സേവനദായകനും സൗജന്യമായി നല്കേണ്ടതാണെന്ന് ഉത്തരവിടേണ്ടതാണ്.

25. ഉത്തരവുകളുടെ കാലാവധിയും ഭേദപ്പെടുത്തലും.—(1) 18-ാം വകുപ്പുപ്രകാരം പാസ്സാക്കിയ ഒരു സംരക്ഷണ ഉത്തരവ് സങ്കടക്കാരിയായ ആൾ റദ്ദാക്കലിന് അപേക്ഷിക്കുന്നതുവരെ നിലനില്ക്കുന്നതാണ്.

(2) സങ്കടക്കാരിയായ ആളിൽ നിന്നോ എതിർകക്ഷിയിൽ നിന്നോ ലഭിച്ച അപേക്ഷയിന്മേൽ, ഈ ആക്റ്റ് പ്രകാരം പാസ്സാക്കിയ ഒരു ഉത്തരവിന് സാഹചര്യങ്ങളിലുണ്ടായ മാറ്റത്താൽ ഭേദഗതിയോ രൂപഭേദപ്പെടുത്തലോ റദ്ദാക്കലോ ആവശ്യമെന്ന് മജിസ്ട്രേറ്റിന് ബോദ്ധ്യമാകുന്ന പക്ഷം, അദ്ദേഹത്തിന്, അതിനുള്ള കാരണങ്ങൾ എഴുതി രേഖപ്പെടുത്തി അദ്ദേഹത്തിന് ഉചിതമെന്ന് കരുതാവുന്ന പ്രകാരമുള്ള ഉത്തരവ് പാസ്സാക്കാവുന്നതാണ്.

26. മറ്റു വ്യവഹാരങ്ങളിലും നിയമ നടപടികളിലും ഉള്ള നിവൃത്തി.—(1) 18-ഉം 20-ഉം 21-ഉം 22-ഉം വകുപ്പുകൾപ്രകാരം ലഭ്യമായ ഏതെങ്കിലും നിവൃത്തി, സങ്കടക്കാരിയായ ആളിനെയും എതിർകക്ഷിയെയും ബാധിക്കുന്ന ഏതെങ്കിലും നിയമനടപടിയിൽ, അപ്രകാരമുള്ള നിയമനടപടി ഈ ആക്റ്റിന്റെ പ്രാരംഭത്തിന് മുമ്പോ പിമ്പോ ആരംഭിച്ചതാണെങ്കിലും, ഒരു സിവിൽ കോടതിയോ കുടുംബകോടതിയോ ക്രിമിനൽ കോടതിയോ മുമ്പാകെയും തേടാവുന്നതാണ്.

(2) (1)-ാം ഉപവകുപ്പിൽ പരാമർശിച്ച ഏതെങ്കിലും നിവൃത്തി ഒരു സിവിൽ കോടതി അല്ലെങ്കിൽ ക്രിമിനൽ കോടതി മുമ്പാകെ അപ്രകാരമുള്ള വ്യവഹാരത്തിലോ നിയമനടപടിയിലോ സങ്കടക്കാരിയായ ആൾ തേടാവുന്ന മറ്റേതെങ്കിലും നിവൃത്തിക്കുപുറമെയോ അതിനോടൊപ്പമോ തേടാവുന്നതാണ്.

(3) ഈ ആക്റ്റ് പ്രകാരമുള്ള നടപടി അനുസരിച്ചല്ലാതെ ഏതെങ്കിലും നടപടികളിൽ സങ്കടക്കാരിയായ ആളിന് ഏതെങ്കിലും നിവൃത്തി ലഭ്യമായ സംഗതിയിൽ, അപ്രകാരമുള്ള നിവൃത്തി ലഭിച്ചത് മജിസ്ട്രേറ്റിനെ അറിയിക്കുവാൻ അവൾ ബാദ്ധ്യസ്ഥയാകുന്നതാണ്.

27. അധികാരിത.—(1) ഒന്നാം ക്ലാസ് ജുഡീഷ്യൽ മജിസ്ട്രേറ്റ് കോടതി അല്ലെങ്കിൽ മെട്രോപൊളിറ്റൻ മജിസ്ട്രേറ്റ് കോടതി, അതത് സംഗതിപോലെ, ഏത് കോടതിയുടെ തദ്ദേശ പരിധിയിലാണോ,—

(ക) സങ്കടക്കാരിയായ ആൾ സ്ഥിരമായി അല്ലെങ്കിൽ താത്ക്കാലികമായി താമസിക്കുകയോ കച്ചവടം നടത്തുകയോ ജോലിയിൽ ഏർപ്പെട്ടിരിക്കുകയോ ചെയ്യുന്നത്; അല്ലെങ്കിൽ

(ഖ) എതിർകക്ഷി താമസിക്കുകയോ കച്ചവടം നടത്തുകയോ ജോലിയിൽ ഏർപ്പെട്ടിരിക്കുകയോ ചെയ്യുന്നത് ; അല്ലെങ്കിൽ

(ഗ) വ്യവഹാര കാരണം ഉണ്ടായത്,

അത് ഈ ആക്റ്റ് പ്രകാരമുള്ള സംരക്ഷണ ഉത്തരവും മറ്റ് ഉത്തരവുകളും നല്കുന്നതിനും ഈ ആക്റ്റ് പ്രകാരമുള്ള കുറ്റങ്ങൾ വിചാരണ ചെയ്യുന്നതിനും ക്ഷമതയുള്ള കോടതി ആയിരിക്കുന്നതാണ്.

(2) ഈ ആക്റ്റ് പ്രകാരം ഉണ്ടാക്കപ്പെട്ട ഏതൊരു ഉത്തരവും ഭാരതം ഒട്ടാകെ പ്രാവർത്തികമാക്കേണ്ടതാണ്.

28. നടപടിക്രമം.—(1) ഈ ആക്റ്റിൽ മറ്റുവിധത്തിൽ വ്യവസ്ഥ ചെയ്യുന്ന പ്രകാരമൊഴികെ, 12-ഉം 18-ഉം 19-ഉം 20-ഉം 21-ഉം 22-ഉം 23-ഉം വകുപ്പുകൾപ്രകാരമുള്ള എല്ലാ നടപടികളും 31-ാം വകുപ്പുപ്രകാരമുള്ള കുറ്റകൃത്യങ്ങളും ക്രിമിനൽ നടപടി നിയമസംഹിത, 1973 (1974-ലെ 2)-ലെ വ്യവസ്ഥകളാൽ നിയന്ത്രിക്കപ്പെടേണ്ടതാണ്.

(2) (1)-ാം ഉപവകുപ്പിലെ യാതൊന്നുംതന്നെ 12-ാം വകുപ്പോ 23-ാം വകുപ്പിലെ (2)-ാം ഉപവകുപ്പോപ്രകാരം ഒരു അപേക്ഷ തീർപ്പാക്കുന്നതിന് അതിന്റെ സ്വന്തം നടപടിക്രമം അനുവർത്തിക്കുന്നതിൽനിന്നും കോടതിയെ തടയുന്നതല്ല.

29. അപ്പീൽ.—മജിസ്ട്രേറ്റ് പാസ്സാക്കിയ ഉത്തരവ് സങ്കടക്കാരിയായ ആൾക്കോ എതിർകക്ഷിക്കോ, അതത് സംഗതിപോലെ, നല്കിയ തീയതിമുതൽ അവയിൽ ഏതാണോ പിന്നീട് സംഭവിക്കുന്നത്, മുപ്പത് ദിവസത്തിനകം സെഷൻസ് കോടതിയിൽ ഒരു അപ്പീൽ കൊടുക്കാവുന്നതാണ്.

## അദ്ധ്യായം V

## പലവക

30. സംരക്ഷണ ഉദ്യോഗസ്ഥരും സേവനദായകരിലെ അംഗങ്ങളും പബ്ലിക് സർവന്റുമാർ ആയിരിക്കുമെന്ന്.—ഈ ആക്റ്റിലെയോ അതിൻകീഴിൽ ഉണ്ടാക്കപ്പെട്ട ഏതെങ്കിലും ചട്ടങ്ങളിലെയോ ഉത്തരവുകളിലെയോ ഏതെങ്കിലും വ്യവസ്ഥകൾക്കനുസൃതമായി പ്രവർത്തിക്കുമ്പോഴോ പ്രവർത്തിച്ചു കൊണ്ടിരിക്കുന്നതായി കരുതുമ്പോഴോ സംരക്ഷണ ഉദ്യോഗസ്ഥരും സേവനദായകരിലെ അംഗങ്ങളും ഇൻഡ്യൻ ശിക്ഷാനിയമസംഹിത (1860-ലെ 45)-ലെ 21-ാം വകുപ്പിന്റെ അർത്ഥ വ്യാപ്തിക്കുള്ളിൽവരുന്ന പബ്ലിക് സർവന്റുമാരായി കരുതപ്പെടുന്നതാണ്.

31. എതിർകക്ഷി സംരക്ഷണ ഉത്തരവ് ലംഘിക്കുന്നതിനുള്ള ശിക്ഷ.—(1) എതിർകക്ഷി സംരക്ഷണ ഉത്തരവോ ഒരു ഇടക്കാല സംരക്ഷണ ഉത്തരവോ ലംഘിക്കുന്നത് ഈ ആക്റ്റ് പ്രകാരമുള്ള ഒരു കുറ്റമാകുന്നതും ഒരു വർഷംവരെയാകാവുന്ന തടവോ രണ്ടായിരം രൂപവരെ യാകാവുന്ന പിഴയോ അല്ലെങ്കിൽ രണ്ടുംകൂടിയോ നല്കി ശിക്ഷിക്കപ്പെടുന്നതാണ്.

(2) (1)-ാം ഉപവകുപ്പുപ്രകാരമുള്ള കുറ്റകൃത്യം, കഴിയുന്നിടത്തോളം, പ്രതി ലംഘിച്ചു വെന്ന് ആരോപിക്കപ്പെട്ട ഉത്തരവ് പാസ്സാക്കിയ മജിസ്ട്രേറ്റ് തന്നെ വിചാരണ ചെയ്യേണ്ടതാണ്.

(3) (1)-ാം ഉപവകുപ്പുപ്രകാരം ചാർജ് തയ്യാറാക്കുമ്പോൾ, മജിസ്ട്രേറ്റിന്, ഇൻഡ്യൻ ശിക്ഷാനിയമസംഹിത (1860-ലെ 45)-ലെ 498 ക വകുപ്പ് അനുസരിച്ചും, ആ നിയമസംഹിത യിലെയോ സ്ത്രീധന നിരോധന ആക്റ്റ്, 1961 (1961-ലെ 28)-ലെ മറ്റേതെങ്കിലും വ്യവസ്ഥപ്രകാരവും, അതത് സംഗതിപോലെ, ആ വ്യവസ്ഥകൾപ്രകാരം ഒരു കുറ്റകൃത്യം ചെയ്യപ്പെട്ടുവെന്ന് വസ്തുതകൾ വെളിപ്പെടുത്തുന്നപക്ഷം, ചാർജുകൾ തയ്യാറാക്കാവുന്നതാണ്.

32. നടപടിക്കെടുക്കലും തെളിവും.—(1) ക്രിമിനൽ നടപടി നിയമസംഹിത, 1973 (1974-ലെ 2)-ൽ എന്തുതന്നെ അടങ്ങിയിരുന്നാലും, 31-ാം വകുപ്പ് (1)-ാം ഉപവകുപ്പു പ്രകാരമുള്ള കുറ്റകൃത്യം കോഗ്നൈസബിളും ജാമ്യമില്ലാത്തതും ആയിരിക്കുന്നതാണ്.

(2) സങ്കടക്കാരിയായ ആളിന്റെ മാത്രം സാക്ഷിത്തെളിവിന്മേൽ 31-ാം വകുപ്പ് (1)-ാം ഉപവകുപ്പുപ്രകാരമുള്ള ഒരു കുറ്റകൃത്യം പ്രതി ചെയ്തുവെന്ന നിഗമനത്തിൽ കോടതിക്ക് എത്തിച്ചേരാവുന്നതാണ്.

33. സംരക്ഷണ ഉദ്യോഗസ്ഥൻ കർത്തവ്യനിർവഹണം നടത്താത്തതിനുള്ള ശിക്ഷ.—സംരക്ഷണ ഉത്തരവിൽ മജിസ്ട്രേറ്റ് നിർദ്ദേശിച്ചപ്രകാരം, ഏതെങ്കിലും സംരക്ഷണ ഉദ്യോഗസ്ഥൻ, എന്തെങ്കിലും മതിയായ കാരണമില്ലാതെ അദ്ദേഹത്തിന്റെ കർത്തവ്യങ്ങൾ നിർവഹിക്കുന്നതിൽ പരാജയപ്പെടുകയോ വിസമ്മതം പ്രകടിപ്പിക്കുകയോ ചെയ്യുന്നപക്ഷം, അയാളെ ഒരുവർഷം വരെയാകാവുന്ന കാലയളവിലേക്കുള്ള തടവോ ഇരുപതിനായിരം രൂപവരെയാകാവുന്ന പിഴയോ രണ്ടുംകൂടിയോ നല്കി ശിക്ഷിക്കപ്പെടുന്നതാണ്.

34. സംരക്ഷണ ഉദ്യോഗസ്ഥൻ ചെയ്ത കുറ്റം നടപടിക്കെടുക്കൽ.—സംസ്ഥാന സർക്കാരി ന്റെയോ അല്ലെങ്കിൽ സംസ്ഥാന സർക്കാർ ഇതിലേക്കായി അധികാരപ്പെടുത്തിയ ഒരു ഉദ്യോഗസ്ഥ ന്റെയോ മുൻകൂട്ടിയുള്ള അനുമതിയോടെ ഫയൽ ചെയ്ത ഒരു പരാതിയില്ലാത്തപക്ഷം, സംരക്ഷണ ഉദ്യോഗസ്ഥനെതിരെ യാതൊരു പ്രോസിക്യൂഷനോ മറ്റു നിയമനടപടികളോ നിലനില്ക്കുന്നതല്ല.

35. ഉത്തമവിശ്വാസപൂർവ്വം എടുത്ത നടപടിക്കുള്ള സംരക്ഷണം.—ഈ ആക്റ്റോ അതിൻ കീഴിൽ ഉണ്ടാക്കപ്പെട്ട ഏതെങ്കിലും ചട്ടമോ ഉത്തരവോ അനുസരിച്ച് ഉത്തമവിശ്വാസപൂർവ്വം ചെയ്തതോ ചെയ്യാനുദ്ദേശിച്ചതോ ആയ എന്തെങ്കിലും സംബന്ധിച്ച് ഏതെങ്കിലും നാശനഷ്ടം ഉണ്ടായതിനോ ഉണ്ടാകാൻ സാദ്ധ്യതയുള്ളതിനോ സംരക്ഷണ ഉദ്യോഗസ്ഥനെതിരെ യാതൊരു വ്യവഹാരമോ പ്രോസിക്യൂഷനോ മറ്റ് നിയമനടപടിയോ നിലനില്ക്കുന്നതല്ല.

36. ആക്റ്റ് മറ്റ് ഏതെങ്കിലും നിയമത്തിന് ന്യൂനതവരുത്താതെ ആയിരിക്കുമെന്ന്.—ഈ ആക്റ്റിലെ വ്യവസ്ഥകൾ തത്സമയം പ്രാബല്യത്തിലുള്ള മറ്റ് ഏതെങ്കിലും നിയമത്തിലെ വ്യവസ്ഥ കൾക്ക് പുറമേയുള്ളതും അവയ്ക്ക് ന്യൂനതവരുത്താത്തതും ആയിരിക്കുന്നതാണ്.

3/3984/07.

37. ചട്ടങ്ങൾ ഉണ്ടാക്കുവാനുള്ള കേന്ദ്രസർക്കാരിന്റെ അധികാരം.—(1) കേന്ദ്രസർക്കാരിന്, ഔദ്യോഗിക ഗസറ്റിൽ, വിജ്ഞാപനംവഴി, ഈ ആക്റ്റിലെ വ്യവസ്ഥകൾ നടപ്പാക്കുന്നതിന് ചട്ടങ്ങൾ ഉണ്ടാക്കാവുന്നതാണ്.

(2) പ്രത്യേകിച്ചും, മുൻപറഞ്ഞ അധികാരത്തിന്റെ സാമാന്യതയ്ക്ക് ഭംഗം വരാത്ത വിധത്തിൽ, അങ്ങനെയുള്ള ചട്ടങ്ങളിൽ, താഴെപ്പറയുന്ന എല്ലാമോ ഏതെങ്കിലുമോ കാര്യങ്ങൾ വ്യവസ്ഥ ചെയ്യാവുന്നതാണ്, അതായത്:—

(ക) 8-ാം വകുപ്പ് (2)-ാം ഉപവകുപ്പുപ്രകാരം സംരക്ഷണ ഉദ്യോഗസ്ഥന് ഉണ്ടായിരിക്കേണ്ട യോഗ്യതകളും പരിചയവും ;

(ഖ) 8-ാം വകുപ്പ് (3)-ാം ഉപവകുപ്പുപ്രകാരം സംരക്ഷണ ഉദ്യോഗസ്ഥരുടെയും അദ്ദേഹത്തിന്റെകീഴിലുള്ള ഉദ്യോഗസ്ഥരുടെയും സേവന നിബന്ധനകളും ഉപാധികളും ;

(ഗ) 9-ാം വകുപ്പ് (1)-ാം ഉപവകുപ്പ് (ഖ) ഖണ്ഡപ്രകാരം ഗാർഹിക സംഭവ റിപ്പോർട്ട് ഉണ്ടാക്കേണ്ട മാതൃകയും രീതിയും ;

(ഘ) 9-ാം വകുപ്പ് (1)-ാം ഉപവകുപ്പ് (ഗ) ഖണ്ഡപ്രകാരം സംരക്ഷണ ഉത്തരവിനു വേണ്ടി മജിസ്ട്രേറ്റിന് നല്കുന്നതിനുള്ള ഒരു അപേക്ഷയുടെ മാതൃകയും രീതിയും ;

(ങ) 9-ാം വകുപ്പ് (1)-ാം ഉപവകുപ്പ് (ഘ) ഖണ്ഡപ്രകാരം ഒരു പരാതി ഫയൽ ചെയ്യേണ്ട മാതൃക ;

(ച) 9-ാം വകുപ്പ് (1)-ാം ഉപവകുപ്പ് (ഝ) ഖണ്ഡപ്രകാരം സംരക്ഷണ ഉദ്യോഗസ്ഥൻ നിർവഹിക്കേണ്ട മറ്റ് കർത്തവ്യങ്ങൾ ;

(ഛ) 10-ാം വകുപ്പ് (1)-ാം ഉപവകുപ്പുപ്രകാരം സേവനദായകരുടെ രജിസ്ട്രേഷൻ വ്യവസ്ഥ ചെയ്യുന്ന ചട്ടങ്ങൾ ;

(ജ) ഈ ആക്റ്റ് പ്രകാരം നിവൃത്തി ആവശ്യപ്പെട്ട് 12-ാം വകുപ്പ് (1)-ാം ഉപവകുപ്പു പ്രകാരം നല്കേണ്ട അപേക്ഷയുടെ മാതൃകയും ആ വകുപ്പിന്റെ (3)-ാം ഉപവകുപ്പുപ്രകാരം അപ്രകാരമുള്ള അപേക്ഷയിൽ ഉൾക്കൊണ്ടിരിക്കേണ്ട വിശദാംശങ്ങളും ;

(ഝ) 13-ാം വകുപ്പ് (1)-ാം ഉപവകുപ്പുപ്രകാരം നോട്ടീസുകൾ നല്കേണ്ട വിധം ;

(ഞ) 13-ാം വകുപ്പ് (2)-ാം ഉപവകുപ്പുപ്രകാരം സംരക്ഷണ ഉദ്യോഗസ്ഥൻ തയ്യാറാക്കേണ്ട നോട്ടീസ് കൊടുത്തതായുള്ള പ്രഖ്യാപനത്തിന്റെ മാതൃക ;

(ട) 14-ാം വകുപ്പ് (1)-ാം ഉപവകുപ്പു പ്രകാരം കൗൺസിലിംഗിൽ സേവനദായകരിലെ ഒരു അംഗത്തിന് ഉണ്ടായിരിക്കേണ്ട യോഗ്യതകളും പരിചയവും ;

(ഠ) 23-ാം വകുപ്പ് (2)-ാം ഉപവകുപ്പുപ്രകാരം സങ്കടക്കാരിയായ ആളിന് ഫയൽ ചെയ്യാവുന്ന ഒരു സത്യവാങ്മൂലത്തിന്റെ മാതൃക ;

(ഡ) നിർണ്ണയിക്കപ്പെടേണ്ടതോ നിർണ്ണയിക്കപ്പെടാവുന്നതോ ആയ മറ്റേതെങ്കിലും കാര്യം.

(3) ഈ ആക്റ്റിൻകീഴിൽ ഉണ്ടാക്കപ്പെട്ട ഏതൊരു ചട്ടവും, അതുണ്ടാക്കിയതിനുശേഷം, ആകുന്നത്ര വേഗത്തിൽ, പാർലമെന്റ് സമ്മേളനത്തിലിരിക്കുമ്പോൾ, അതിന്റെ ഓരോ സഭയുടെയും മുമ്പാകെ, ഒരു സമ്മേളനത്തിലോ തുടർച്ചയായുള്ള രണ്ടോ അതിലധികമോ സമ്മേളനങ്ങളിലോ ആയി ആകെ മുപ്പതു ദിവസക്കാലത്തേക്ക് വയ്ക്കേണ്ടതും, മുൻപറഞ്ഞ സമ്മേളനത്തിനോ തുടർച്ചയായുള്ള സമ്മേളനങ്ങൾക്കോ തൊട്ടടുത്തുവരുന്ന സമ്മേളനം അവസാനിക്കുന്നതിനുമുമ്പ്, ഇരുസഭകളും ആ ചട്ടത്തിൽ എന്തെങ്കിലും രൂപഭേദം വരുത്തുന്നതിൽ യോജിക്കുകയോ അല്ലെങ്കിൽ ഇരുസഭകളും ആ ചട്ടം ഉണ്ടാക്കരുതെന്നതിൽ യോജിക്കുകയോ ചെയ്യുന്നുവെങ്കിൽ, ആ ചട്ടത്തിൽ, അതത് സംഗതിപോലെ, അങ്ങനെ രൂപഭേദപ്പെടുത്തിയ രൂപത്തിൽ മാത്രം പ്രഭാവം ഉണ്ടായിരിക്കുകയോ അല്ലെങ്കിൽ പ്രഭാവം ഇല്ലാതിരിക്കുകയോ ചെയ്യുന്നതും ആകുന്നു; എന്നാൽ, അങ്ങനെയുള്ള ഏതെങ്കിലും രൂപഭേദപ്പെടുത്തലോ പ്രഭാവശൂന്യമാക്കലോ, ആ ചട്ടത്തിൻകീഴിൽ മുമ്പ് ചെയ്യപ്പെട്ടിട്ടുള്ള എന്തിന്റെയെങ്കിലും സാധുതയ്ക്ക് ഭംഗംവരാത്തവിധത്തിലായിരിക്കുന്നതാണ്.

# THE PROTECTION OF WOMEN FROM DOMESTIC VIOLENCE ACT, 2005

(Act No. 43 of 2005)

# ഗാർഹിക ഹിംസയിൽനിന്നും സ്ത്രീകളെ സംരക്ഷിക്കൽ ആക്റ്റ്, 2005

(2005-ലെ 43-ാം നമ്പർ ആക്റ്റ്)

## GLOSSARY

| | | | |
|---|---|---|---|
| 1. | Alternate Accommodation | ആനുകല്പികസ്ഥലസൗകര്യം | Sn. 19 (1) (f) |
| 2. | Damages | നഷ്ടത്തുക | Sn. 22 |
| 3. | Domestic violence | ഗാർഹിക ഹിംസ | Long Title and various sections of the Act |
| 4. | Enforce | പ്രാവർത്തികമാക്കുക | Sn. 27 (2) |
| 5. | Entitled to | അവകാശം ഉണ്ടായിരിക്കുന്നതാണ് | Sn. 3 Explanation I (iv) (b) |
| 6. | Entity | അസ്തിത്വം | Sn. 2 (r) |
| 7. | In camera | സ്വകാര്യമായി | Sn. 16 |
| 8. | Monetary relief | പണസംബന്ധമായ നിവൃത്തി | Sn. 2 (k) |
| 9. | Protocols | പ്രോട്ടോക്കോൾസ് | Sn. 11 (d) |
| 10. | Residence Order | വാസസ്ഥലത്തെ സംബന്ധിച്ചുള്ള ഉത്തരവ് | Sn. 2 (p) |
| 11. | Service Provider | സേവനദായകൻ | Sn. 2 (r) and Sn. 10 (1) |
| 12. | Title | ഉടമസ്ഥാവകാശം | Sn. 2 (s) |
| 13. | Valuables | മൂല്യമുള്ള വസ്തുക്കൾ | Sn. 3 Explanation I (iv) (b) |
| 14. | Warrant | ഉറപ്പുവരുത്തുക | Sn. 16. |